OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. V Book.02 Regd. No. ER/450/2001 1198 മകരം –കുംഭം 2023 ഫെബ്രുവരി Date: 28.02.2023

# നൂതന സാങ്കേതിക വിദ്യാ രംഗത്തിന് ഊന്നൽ നല്കി

# ബഡ്ജറ്റ് 2023–24

എല്ലാവർക്കും എല്ലാ മേഖലകൾക്കും വികസനം എന്ന ഉൾച്ചേർക്കൽ നയം ആമുഖമായി പ്രഖ്യാപിച്ച് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ രണ്ടാം നരേന്ദ്ര മോദി സർക്കാരിന്റെ ഒടുവിലത്തെ സമ്പൂർണ്ണ ബജറ്റ് അവതരിപ്പിച്ചു. നൂതന സാങ്കേതിക വിദ്യാ രംഗത്തിന് ഊന്നൽ നല്കിയുള്ളതാണ് കേന്ദ്ര ബജറ്റ്. നിർമ്മിത ബുദ്ധിക്കും ടെലികോം രംഗത്തും വലിയ മാറ്റങ്ങൾക്ക് തുടക്കമിടുന്ന 5 ജി സാങ്കേതിക വിദ്യയ്ക്കുമാണ് ധനമന്ത്രി കൂടുതൽ പ്രാധാന്യം നല്കിയത്.



ബഡ്ജറ്റ് അവതരിപ്പിക്കാനൊരുങ്ങുന്ന കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ

## ബജറ്റ് ഒറ്റ നോട്ടത്തിൽ

### വരുമാനം

- 42.03ലക്ഷം കോടിയുടെ ബജറ്റ്
- നികുതിവരുമാനം: 23.3 ലക്ഷം കോടി
- വായ്പ്പ 18.7 ലക്ഷം കോടി

### ചെലവ്

- പദ്ധതികൾക്ക്:19.4 ലക്ഷം കോടി
- വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ എന്നിവ ഉൾപ്പെടെ: 25.6 ലക്ഷം കോടി

## വ്യക്തിഗത ആദായ നികുതി സ്ലാബുകളിൽ മാറ്റമില്ല

ആദായ നികുതിയിളവ് പുതിയ രീതിയിൽ മാത്രം. റിബേറ്റുള്ളതിനാൽ 7 ലക്ഷം രൂപ വരെയുള്ള വാർഷിക വരുമാനത്തിന് നികുതി നല്കേണ്ട.




| വരുമാനം | നികുതി |
|---|---|
| 0 – 3 ലക്ഷം വരെ നികുതി ഇല്ല | |
| 3 – 6 ലക്ഷം വരെ | 5 % |
| 6 – 9 ലക്ഷം വരെ | 10 % |
| 9 – 12 ലക്ഷം വരെ | 15 % |
| 2 – 15 ലക്ഷം വരെ | 20 % |
| 15 ലക്ഷത്തിൽ കൂടുതൽ | 30 % |

9 ലക്ഷം വരെയുള്ളവർ 45,000 രൂപ വരെ നികുതി നൽകിയാൽ മതിയാവും.



NEW TAX REGIME

| INCOME | EARLIER | NOW | BENEFIT |
|---|---|---|---|
| ₹7 LAKH | 33,800 | 0 | 33,800 |
| ₹8 LAKH | 46,000 | 35,000 | 11,600 |
| ₹9 LAKH | 62,400 | 45,000 | 17,400 |
| ₹10 LAKH | 78,000 | 60,000 | 18,000 |
| ₹12 LAKH | 1,19,600 | 90,000 | 26,900 |
| ₹15 LAKH | 1,95,000 | 1,50,000 | 45,000 |

- നികുതിയ്ക്ക് ആറ് സ്ലാബുണ്ടായിരുന്നത് അഞ്ചാക്കി.
- പഴയ രീതിയിൽ നികുതി നല്കുന്നവർക്ക് ഇളവുകളൊന്നുമില്ല

State Bank of India

# അജയ് കുമാർ റെഡ്ഡിക്ക് ആദരം




ഇന്ത്യൻ ബ്ലൈൻഡ് ക്രിക്കറ്റ് ടീമിന്റെ കാപ്റ്റൻ അജയ് കുമാർ റെഡ്ഡിയെ എസ്.ബി.ഐ. ചെയർമാൻ ദിനേഷ് കുമാർ ഖാര, ബാംഗലൂർ സർക്കിൾ ചീഫ് ജനറൽ മാനേജർ നന്ദ കിഷോർ എന്നിവർ ചേർന്ന് ആദരിച്ചപ്പോൾ

# ഡിജിറ്റൽ പേയ്മെന്റിൽ സ്റ്റേറ്റ് ബാങ്കിന് അവാർഡ്




എം.ഗിരികുമാർ, സിജിഎം (സിസ്റ്റംസ് & പേയ്മെന്റ് കോർപ്പറേറ്റ് സെന്റർ, ഡൽഹിയിലെ ടെലികമ്മ്യൂണിക്കേഷൻസ് ആൻഡ് ഐടി മന്ത്രി അശ്വിനി വൈഷ്ണവിൽ നിന്ന് (ഡിജിറ്റൽ പേയ്മെന്റിൽ ബാങ്കിന്) വേണ്ടി അവാർഡ് ഏറ്റുവാങ്ങി. ഗിരികുമാർ നമ്മുടെ സർക്കിളിൽ നിന്നുള്ളയാളാണ്, തിരുവനന്തപുരം ഗൗരീശപട്ടം സ്വദേശിയാണ്. 1991 ബാച്ചിലെ ട്രെയിനി ഓഫീസറാണ്. പോങ്ങനാട് ശാഖയിൽ നിന്നാണ് സ്ഥാനക്കയറ്റം ലഭിച്ചത്.

# നോട്ടു അസാധുവാക്കി നൈജീരിയ

**ഡിജിറ്റൽ സമ്പദ്വ്യവസ്ഥയിലേക്കു മാറാൻ ശ്രമിക്കുകയാണ് നൈജീരിയ. അതിന്റെ ഭാഗമായി ഇന്ത്യ ചെയ്തതുപോലെ പഴയ ചില നോട്ടുകൾ അസാധുവാക്കി പുതിയവ ഇറക്കി. ആ തീരുമാനം പക്ഷേ, ആഫ്രിക്കയിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയായ നൈജീരിയയുടെ സാമ്പത്തിക സ്ഥിരതതന്നെ അവതാളത്തിലാക്കി.** പഴയ നോട്ട് ബാങ്കുകളിൽ നല്കി പുതിയ നോട്ട് എ..റ്റി.എം. വഴിയെടുക്കാം എന്നായിരന്നു **നൈജീരിയൻ** കേന്ദ്ര ബാങ്കിന്റെ പ്രഖ്യാപനം. അത് കേട്ട് പഴയ നോട്ട് ബാങ്കകളിൽ നല്കി പുതിയതിനായി എ..റ്റി.എമ്മിലെത്തിയവർ പണം കിട്ടാതെ വിഡ്ഢികളായി. **ആളുകകൾ ആക്രമണമഴിച്ചു** വിട്ടതോടെ **ബാങ്കുകൾ** പലതും പൂട്ടി. **നോട്ട് അസാധുവാക്കലിനെതിരായ പ്രതിഷേധത്തിൽ ഒരാൾ കൊല്ലപ്പെട്ടു. ഈ മാസം 25-ന് പൊതുതിരഞ്ഞെടുപ്പ് നടത്താനിരിക്കെയാണ് ഈ സംഭവ വികാസങ്ങൾ.**




പഴയ നൈജീരിയൻ കറൻസി ₦

## ഒക്ടോബറിലെ തീരുമാനം

**നൈറ എന്നാണ് നൈജീരിയൻ കറൻസിക്കു പേര്. ഒരു നൈറയുടെ മൂല്യം 18 ഇന്ത്യൻ പൈസ. 200, 500, 1000 നോട്ടുകളുടെ ഡിസൈൻ പുതുക്കാൻ 2022 ഒക്ടോബറിലാണ് നൈജീരിയൻ കേന്ദ്രബാങ്ക് തീരുമാനിച്ചത്.**

**മുന്നുലക്ഷ്യങ്ങളാണ് ഇതിനുണ്ടായിരുന്നത്. കള്ളനോട്ട് തടയുക, പണപ്പെരുപ്പം കുറയ്ക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി**

ജനങ്ങളുടെ കൈയിലുള്ള നോട്ട്കളുടെ എണ്ണം കുറയുക. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിണയം വേഗത്തിലാക്കുക. 200, 500, 1000 രൈറയുടെ പഴയ നോട്ടുകൾ നിരോധിച്ച്ു. 2022 നവംബർ 29-ൽ പുതിയ ഡിസൈനിലുള്ള നോട്ടുകളിറക്കി. പഴയ നോട്ടുകൾ ബാങ്കുകളിൽ കൊടുത്ത് മാറിയെടുക്കുന്നതിന് ജനുവരി 31 വരെ സമയമനുവദിച്ചു. ജനങ്ങളുടെ കൈയിലുള്ള കറൻസിയുടെ അളവു കുറയ്ക്കാൻ ഒരാൾക്ക് ബാങ്കിൽ നിന്ന് പിൻവലിക്കാവുന്ന തുക 100,000 രൈറയായി നിജപ്പെടുത്തി. ജനങ്ങൾ ബാങ്കുകളിൽ തിക്കി തിരക്കി, അവസാനം കൈയ്യാംകളിയിലുമെത്തി. ഒടുവിൽ ഫെബ്രുവരി 10 വരെ സമയം നീട്ടി.. സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനെതിരെ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. നോട്ട് മാറാനുള്ള അന്തിമ തിയതി കോടതി തല്ക്കാലത്തേയ്ക്ക് റദ്ദാക്കി. എങ്കിലും പാളിപ്പോയ നോട്ട് നിരോധനം വരുത്തി വച്ച പ്രശ്നങ്ങൾ തുടരുകയാണ്.

# കോഴിക്കോട് ജില്ലാ സമ്മേളനം

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് ജില്ലാ കേന്ദ്രത്തിന്റെ ജനറൽ ബോഡി യോഗം 08-02-2023 ന് കോഴിക്കോട് അളകാപുരി കാർത്തിക ഹാളിൽ വച്ച് നടന്നു. യോഗത്തിൽ 131 അംഗങ്ങൾ പങ്കെടുത്തു.

രാവിലെ 10.30 മണിക്ക് മൗനപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു . ജില്ലയിലെ മുതിർന്ന അംഗം അന്തരിച്ച ടി വിജയൻ നമ്പ്യാരുടെ (LM 116) അനുസ്മരണാർഥം ഒരു മിനിറ്റ് മൗനം ആചരിച്ചു.വൈസ് പ്രസിഡന്റ് എം ശ്രീനിവാസൻ സ്വാഗതം ആശംസിച്ചു.




സ്വാഗതം ആശംസിച്ചു സംസാരിക്കുന്ന വൈസ് പ്രസിഡന്റ് എം ശ്രീനിവാസൻ

യോഗാധ്യക്ഷൻ ജില്ലാ പ്രസിഡന്റ് ടിബാലഗോപാല മേനോൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ കോഴിക്കോട് സെന്ററിനു വേണ്ടി വളരെ സൗകര്യപ്രദവും വിശാലവുമായ ഓഫീസ് അനുവദിച്ചതിൽ എസ ബി ഐ മാനേജ്മെന്റിനെയും വിശിഷ്യാ ഡിജിഎം സുരേഷ് വാക്കിയിലിനെയും നന്ദി അറിയിച്ചു. ജില്ലയിലെ അംഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി ആരംഭിച്ച വെൽഫേർ ഫണ്ടിലേക്ക് ഉദാരമായി പണം അയച്ച എല്ലാ അംഗങ്ങളോടും അദ്ദേഹം നന്ദി പറഞ്ഞു.




ജില്ലാ പ്രസിഡന്റ് ടി ബാലഗോപാല മേനോൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

ജില്ലാ സെക്രട്ടറി സി. വേണുഗോപാലൻ കഴിഞ്ഞ യോഗത്തിന്റെ മിനട്സ് വായിച്ചു.. തുടർന്ന് റിപ്പോർട്ട് അവതരിപ്പിച്ചു യോഗം അത് അംഗീകരിച്ചു.




ജില്ലാ സെക്രട്ടറി സി. വേണുഗോപാലൻ കഴിഞ്ഞ യോഗത്തിന്റെ മിനട്സ് / റിപ്പോർട്ട് അവതരിപ്പിക്കുന്നു

ജില്ലാ അസോസിയേഷനും കോഴിക്കോട്ടെ പ്രമുഖ ആശുപത്രിയായ 'മെയ്ത്ര' ഹോസ്പിറ്റലും തമ്മിലുണ്ടാക്കിയ ധാരണ അനുസരിച്ചു അംഗങ്ങൾക്ക് സേവന/ബെഡ്/ലാബ് ചാർജുകളിൽ ഇളവ് അനുവദിച്ചിട്ടുണ്ടെന്ന കാര്യം അറിയിച്ചു. അംഗങ്ങളെ ഇൻഷുറൻസ് ഓൺലൈൻ ആയും ഓഫ് ലൈൻ ആയും പുതുക്കുവാനും പുതുതായി എടുക്കുവാനും സഹായിക്കുന്നതിനായി പ്രത്യേക ഹെല്പ് ഡെസ്ക്, സർക്കുലർ വന്ന ദിവസം മുതൽ പ്രവർത്തിച്ചിരുന്നു. . ഒഴിവുദിവസങ്ങളിൽ ബാങ്ക് തുറന്നു പ്രവർത്തിച്ചപ്പോൾ നമ്മുടെ പ്രവർത്തക സമിതി അംഗങ്ങൾ മുഴുവൻ സമയവും അംഗങ്ങളെ സഹായിക്കുവാൻ ഉണ്ടായിരുന്നു.. നമ്മുടെ രണ്ടു ഫാമിലി പെൻഷൻ അംഗങ്ങൾക്ക് കുടിശ്ശികവാങ്ങികൊടുക്കുവാൻ സഹായിച്ച സംസ്ഥാന സമിതി ഭാരവാഹികളെയും ജില്ലാ പ്രവർത്തക സമിതി അംഗങ്ങളെയും പ്രശംസിച്ചു.

അനാരോഗ്യത്താലും പ്രായംകൊണ്ടുള്ള അവശതയാലും ബുദ്ധിമുട്ടുന്ന അംഗങ്ങളെ സഹായിക്കുവാൻ വേണ്ടി രൂപീകരിച്ച ' സാന്ത്വനം' എന്ന വിഭാഗം ഇതിനിടെ രണ്ടു പ്രാവശ്യമായി 11 അംഗങ്ങളെ സന്ദർശിച്ചു. ജില്ലാ വെൽഫേർ ഫണ്ടിൽ നിന്നും ഇതിനകം 2 പേരെ ഇൻഷുറൻസ് എടുക്കുവാൻ സഹായിച്ചു .കഴിഞ്ഞ 6 മാസത്തിനിടെ (31-01-2023 വരെ) ജില്ലയിൽ 59 പുതിയ അംഗങ്ങൾ പെൻഷനേഴ്സ് അസോസിയേഷനിൽ ചേർന്നി ട്ടുണ്ട് .



ജോയിന്റ് ട്രെഷറർ വി എസ് വെങ്കിട്ടരമണി കണക്കുകൾ അവതരിപ്പിക്കുന്നു




സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന കെ രാജീവൻ സംസ്ഥാന പ്രസിഡന്റ്

ജോയിന്റ് ട്രെഷറർ വി എസ് വെങ്കിട്ടരമണി അവതരിപ്പിച്ച കണക്കുകൾ യോഗം അംഗീകരിച്ചു. സംസ്ഥാന പ്രസിഡന്റ് കെ രാജീവൻ , വൈസ് പ്രസിഡന്റ് ജോസ് മർസെലിൻ, ഡി ജി എസ. എ. രാഘവൻ, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി. സേതുമാധവൻ നായർ എന്നിവർ ആശംസ പ്രസംഗം നടത്തി. ഇൻഷുറൻസ്, മെഡിബഡ്ഡി എന്നിവയുടെ കാര്യത്തിൽ ഇപ്പോൾ ഉള്ള ബുദ്ധിമുട്ടു താത്കാലികമാണെന്നും രണ്ടു പ്രാവശ്യം പണം അടക്കേണ്ടി വന്നവരുടെ പണം തിരിച്ചു കിട്ടുമെന്നും ഇവർ അറിയിച്ചു. അംഗങ്ങളുടെ ചോദ്യങ്ങൾക്കു ഇവർ മറുപടി പറഞ്ഞു എല്ലാ അംഗങ്ങളും യോഗത്തിൽ പങ്കെടുക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. 2023 മെയ് മാസത്തിൽ പാലക്കാട് വെച്ച് നടക്കുന്ന സംസ്ഥാന വാർഷിക പൊതുയോഗത്തിനു കോഴിക്കോട് നിന്നും നല്ല പ്രാതിനിധ്യം ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു.

ക്ഷേമ നിധിയുടെ റൂൾസ് ആൻഡ് റെഗുലേഷൻസ് രണ്ടു വകുപ്പുകൾ ചർച്ചക്ക് ശേഷം ഭേദഗതി ചെയ്തു. അർഹതയുള്ള അംഗങ്ങൾക്കുള്ള സഹായധനം 30,000.00 രൂപയായി വർധിപ്പിക്കുവാനും അർഹരായ അംഗങ്ങൾക്ക് ഇൻഷുറൻസ് എടുക്കുവാൻ 10 മാസ തിരിച്ചടവോടെ പലിശരഹിത വായ്പ നൽകുവാനും തീരുമാനിച്ചു.



കോഴിക്കോട് ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

പൊതുയോഗ നടത്തിപ്പിന്റെ ചിലവിലേക്കായി മാസം 50 രൂപ വീതം അല്ലെങ്കിൽ വർഷത്തിൽ 600 രൂപ വീതം അംഗങ്ങളിൽ നിന്നും സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ വഴിയോ നേരിട്ടോ സമാഹരിക്കുവാൻ തീരുമാനിച്ചു.




സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മർസെലിൻ, സംസാരിക്കുന്നു

പൊതു ചർച്ചയിൽ 75 വയസ്സ് കഴിഞ്ഞ അംഗങ്ങൾക്ക് മരുന്ന് വീട്ടിൽ എത്തിച്ചു കൊടുക്കണമെന്ന് ആവശ്യം ചില അംഗങ്ങൾ ഉന്നയിച്ചു. ജോയിന്റ് സെക്രട്ടറി. മനോഹരൻ നന്ദി പ്രകടിപ്പിച്ചു.

ഉച്ചക്ക് 1 ..45 മണിക്ക് യോഗം അവസാനിച്ചു




കോഴിക്കോട് ജില്ലാ ജനറൽ ബോഡി യോഗത്തി . ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.രാഘവൻ

# കൊല്ലം ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ. കൊല്ലം ജില്ലാ കേന്ദ്രത്തിന്റെ ഈ മാസത്തെ പൊതുയോഗം എസ്. ബി. ഐ. കൊല്ലം ബ്രാഞ്ച് ക്യാന്റീൻ ഹാളിൽ വച്ച് 2023 ഫെബ്രുവരി മാസം 8-ാം തിയതി ബുധനാഴ്ച പകൽ 3.30 മണിക്ക് നടന്നു. യോഗത്തിൽ 90 അംഗങ്ങൾ പങ്കെടുത്തു.. ജില്ലാ പ്രസിഡന്റ് ഗോപകുമാർ അദ്ധ്യക്ഷത

വഹിച്ചു. അസിസ്റ്റന്റ് സെക്രട്ടറി യുസുഫ് സ്വാഗതം ആശംസിച്ചു.



ഡെ.ജനറൽ സെക്രട്ടറി ഗണപതി **കൃഷ്ണൻ** സംസാരിക്കുന്നു

പ്രസിഡന്റ് ഗോപകുമാർ മെഡിക്കൽ ഇൻഷൂറൻസ്ന്റെ കാര്യങ്ങളും അതിന്റെ എല്ലാ വശങ്ങളും വിശദീകരിച്ചു. 2023 ജനുവരി മാസം 14, 15 തീയതികളിൽ ബാങ്ക് പൊതു അവധി ആയിട്ടുപോലും നമ്മുടെ പുതിയ മെഡിക്കൽ ഇൻഷ്വറൻസ് എടുക്കാനുള്ളവരുടെ സൗകര്യത്തിന് വേണ്ടി മാത്രം കൊല്ലം ബ്രാഞ്ചും നമ്മുടെ ഓഫീസും തുറന്നു പ്രവർത്തിച്ചത് വളരെ പ്രയോജനം ഉണ്ടായത് അറിയിച്ചു. നമ്മളെ സമീപിക്കുന്ന എല്ലാ പെൻഷനേഴ്സ്നെയും (നമ്മുടെ മെമ്പർ അല്ലെങ്കിൽ പോലും) പരമാവധി സഹായം ചെയ്തു വരുന്ന കാര്യം അറിയിച്ചു. നമ്മൾ അംഗങ്ങളെ പോളിസി എടുപ്പിക്കുവാനായി സാമ്പത്തികമായും പല രീതിയിൽ സഹായിച്ചതും പറയുകയുണ്ടായി.

സെക്രട്ടറി റ്റി.സി. പുരുഷോത്തമൻ പിള്ള കഴിഞ്ഞ മാസത്തെ മിനിറ്റ്സ് വായിച്ചത് യോഗം അംഗീകരിച്ചു. /2023 മേയ് 13ന് പാലക്കാട് വച്ച് നടക്കുന്ന സ്റ്റേറ്റ് ജനറൽ ബോഡി മീറ്റിംഗൽ പങ്കെടുക്കുവാൻ അൻപതോളം അംഗങ്ങൾ പേര് തന്നു. അതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്യാമെന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തു. നമ്മുടെ അംഗസംഖ്യ അനുദിനം ഉയരുന്ന കാര്യം അറിയിച്ചു. ശേഷം വിശദമായ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

ഡെ.ജനറൽ സെക്രട്ടറി ഗണപതി കൃഷ്ണൻ പോളിസി – എ യിൽ നിലവിലെ ഇൻഷ്വറൻസ് ക്ലയിം ചെയ്യാവുന്ന തുക 3 ലക്ഷത്തിൽ താഴെയായി ചുരങ്ങിയിട്ടുള്ളവർ പോളിസി–-ബി എടുക്കേണ്ടതിന്റെ അനിവാര്യത അംഗ ങ്ങളെ പറഞ്ഞു മനസ്സിലാക്കി. സംഘടനയുടെ പ്രവർത്ത നത്തിന്റെ വിശദ രൂപവും നൽകി.



ഹാൾ നിറഞ്ഞു സദസ്സ്



കൊല്ലം ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ വേറൊരു ദൃശ്യം

അസിസ്റ്റന്റ് ജനറൽ സെക്രട്ടറി. രാമകൃഷ്ണ പിള്ള നമ്മുടെ പ്രവർത്തനത്തെ പറ്റി വിശദമായി സംസാരിച്ചു. കൂടുതൽ അംഗങ്ങളെ കൊണ്ടുവന്നു സംഘടന വൻ ശക്തി ആക്കാൻ ആഹ്വാനം ചെയ്തു. സുദീർഘമായ ചർച്ചക്ക് ശേഷം ട്രഷറർ ചന്ദ്രഭാനു കൃതജ്ഞത പ്രകടിപ്പിച്ചു. അഞ്ചു മണിക്ക് യോഗം അവസാനിച്ചു.

## കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ ഭരണ സമിതി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2023 ഫെബ്രുവരി മാസത്തിലെ ഭരണ സമിതി യോഗം 17–ാം തിയതി വെള്ളിയാഴ്ച്ച 10.30 മണിക്ക് അസോസ്സിയേഷന്റെ കോട്ടയം ഏരിയാ ഓഫീസിൽ വച്ച് ജില്ലാ പ്രസിഡന്റ് കെ. എൻ. വിശ്വനാഥൻ നായരുടെ അദ്ധ്യക്ഷതയിൽ നടത്തി..



കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ യോഗം നടത്തിയപ്പോൾ പ്രസിഡന്റ്, കെ.എൻ. വിശ്വനാഥൻ നായർ, അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം നമ്മുടെ അംഗങ്ങളായ ജോയി.സി..ആര്യക്കരയുടെ പിതാവ് എ.ഐ. ചാണ്ടി, .ലില്ലിക്കുട്ടി പാലക്കാരന്റെ ഭർത്തൃ മാതാവ് മറിയക്കുട്ടി, മാണി.ടി. ചെറിയാന്റെ സഹോദരൻ ബാബു ടി ചെറിയാൻ എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടു ത്തുകയും, നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. ജോയിന്റ് സെക്രട്ടറി വി.ആർ.. ബാലകൃഷ്ണൻ നായർ സ്വാഗതം ആശംസിച്ചു.



ജോയിന്റ് സെക്രട്ടറി വി.ആർ.. ബാലകൃഷ്ണൻ നായർ സ്വാഗതം ആശംസിക്കുന്നു.

അദ്ധ്യക്ഷ പ്രസംഗത്തിൽ ജില്ലാ പ്രസിഡന്റ് .കെ.എൻ. വിശ്വനാഥൻ നായർ, **HRMS,** പോളിസി--ബി, **Medibuddy,** തുടങ്ങിയവ യെക്കുറിച്ച് വിശദമായി സംസാരിച്ചു.



കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ് അവതരിപ്പിക്കുന്ന ജില്ലാ സെക്രട്ടറി, പി.എം. ജേക്കബ്ബ്

തുടർന്ന് കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് പി.എം. ജേക്കബ്ബ്, സെക്രട്ടറി, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു



വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുന്ന ജില്ലാ അസി. ട്രഷറാർ ഡി.കെ.രാജഗോപാൽ

മാസ്സാന്ത്യകണക്കുകൾ ജില്ലാ അസി. ട്രഷറാർ ഡി.കെ. രാജഗോപാൽ, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ മുഖ്യ പ്രഭാഷണം നടത്തി. മെയ് 13 - നു പാലക്കാട് നടക്കുന്ന സംസ്ഥാന സമ്മേളനത്തിന് കോട്ടയം ജില്ലയിൽ നിന്നും കഴിയുന്നത്ര അംഗങ്ങളെ പങ്കെടുപ്പിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി, ആശംസാ പ്രസംഗം നടത്തി. എല്ലാ അംഗങ്ങളും വാർഷിക വരിസംഖ്യ നൽകേണ്ട ആവശ്യകതയേക്കുറിച്ചും, നമ്മുടെ സൊസൈറ്റി മെമ്പർഷിപ്പ് എല്ലാവരും എടുക്കേണ്ടതാണ് എന്നും ഓർമ്മിപ്പിച്ചു.



അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ സംസാരിക്കുന്നു.

ജോർജ്ജ് ജോസഫ് പാലാ യൂണിറ്റിന് വേണ്ടിയും, റൈസാ ബീഗം ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടിയും, രമേഷ് ബാബു, വി.ആർ. ബി.നായർ, എന്നിവർ കോട്ടയം - 1, കോട്ടയം-2, യൂണിറ്റികൾക്കു വേണ്ടിയും, രാജൻ ജോർജ്ജ്, ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, പി.പി.ഫിലിപ്പ് വൈക്കം യൂണിറ്റിനു വേണ്ടിയും പാപ്പച്ചൻ.കെ.കെ. കാഞ്ഞിരപ്പള്ളി. യൂണിറ്റിനു വേണ്ടിയും ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു.



അവലോകനത്തിൽ പങ്കെടുത്ത് ഭരണ സമിതി അംഗങ്ങൾ

നമ്മുടെ സൊസൈറ്റിയുടെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട . ത്രേസ്യാമ്മ ആന്റണിയെ എല്ലാവരും അനുമോദനം അറിയിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് .എം.പി. പുഷ്ക്കരൻ നന്ദി പ്രകാശനം നടത്തി. 12 മണിയോടെ യോഗം പര്യവസാനിച്ചു.

## 2023 ഫെബ്രുവരി മുതലുള്ള ഡി.എ.വർദ്ധന

### ഫെബ്രുവരി 23 മുതൽ ജൂലൈ 23 വരെ പെൻഷൻകാർക്കുള്ള പുതിയ ഡിയർനസ് അലവൻസ് നിരക്ക്



ജോർജ്ജ് ജോസഫ്.കെ. റിട്ട. എ.ജി.എം. (പി.പി.ജി)
പാലാ ഏരിയ കൺവീനർ

**പെൻഷൻകാർക്ക്: ഡി.എ.വർദ്ധന 62 സ്ലാബ്**

റിട്ടയർ ചെയ്ത സമയം

1. നവംബർ 2002 മുതൽ ഒക്ടോബർ 2007 വരെയുള്ള കാലത്ത് പെൻഷൻ പറ്റിയവർക്ക് ഡിയർനസ് അലവൻസ് നിരക്ക് 288.72% സ്ലാബ് 1604 വർദ്ധന 11.16%
2. നവംബർ 2007 മുതൽ ഒക്ടോബർ 2012 വരെയുള്ള കാലത്ത് പെൻഷൻ പറ്റിയവർക്ക് ഡിയർനസ് അലവൻസ് നിരക്ക് 220.05% സ്ലാബ് 1467 വർദ്ധന 9.30%
3. നവംബർ 2012 മുതൽ ഒക്ടോബർ 2017 വരെയുള്ള കാലത്ത് പെൻഷൻ പറ്റിയവർക്ക് ഡിയർനസ് അലവൻസ് നിരക്ക് 106.60% സ്ലാബ് 1066 വർദ്ധന 6.20
4. നവംബർ 2017 മുതൽ പെൻഷൻ പറ്റിയവർക്ക് ഡിയർനസ് അലവൻസ് നിരക്ക് 41.16% സ്ലാബ് 588 വർദ്ധന 4.34%

# ഭവന സന്ദർശനം



വൈക്കം ഏരിയാ കമ്മിറ്റി എക്സിക്യൂട്ടീവ് അംഗം എം.ആർ.സ്റ്റാലിന് കാലില് ഉണ്ടായ മുറിവിന്റെ ചികിത്സയിലാണ്. വൈക്കം ഏരിയാ ജോയിന്റ് കണ്‌വീനർ ഡി. കെ. രാജഗോപാൽ, മുൻ ജില്ലാ പ്രസിഡന്റ് എം. ജി. രാഘവൻ എന്നിവർ അദ്ദേഹത്തെ ഭവനത്തിൽ എത്തി സന്ദർശിച്ചപ്പോൾ.

2023 ഫെബ്രുവരി 16-ാം തിയതി വ്യാഴാഴ്ച്ച വൈക്കം ഏരിയാ കമ്മിറ്റി എക്സിക്യൂട്ടീവ് അംഗം എം.ആർ. സ്റ്റാലിനെ വൈക്കം ഏരിയാ ജോയിന്റ് കണ്‌വീനർ ഡി. കെ. രാജഗോപാൽ, മുൻ ജില്ലാ പ്രസിഡന്റ് എം. ജി. രാഘവൻ എന്നിവർ അദ്ദേഹത്തെ ഭവനത്തിൽ എത്തി സന്ദർശിച്ചു. തുടർന്ന് യൂണിറ്റ് അംഗം ജമുനാ നന്ദനന്റെ വീട്ടിലും സന്ദർശനം നടത്തി

# തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലയുടെ ജനറൽ ബോഡി യോഗം 2023 ഫെബ്രുരി 25-ാം തിയതി ശനിയാഴ്ച്ച 10.00 മണിക്ക് തിരുവനന്തപുരം പൂജപ്പുര ലോക്കൽ ഹെഡ് ഓഫീസ് ഹാളിൽ വച്ച് ചേർന്നു. വാർഷിക യോഗത്തിൽ മുഖ്യാതിഥി സർക്കിൾ ഡെവലപ്പ്മെന്റ് ഓഫീസറും ഡെപ്യൂട്ടി ജനറൽ മാനേജരുമായ അശുതോഷ് ശർമ്മ ആയിരുന്നു.

## പ്രമേയം

റിട്ടയർ ചെയ്ത ബാങ്ക് ജീവനക്കാരുടെ പെൻഷൻ കാലാനുസൃതമായി പരിഷ്കരിക്കണമെന്ന്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ പെൻഷനേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സമ്മേളനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

സമ്മേളനം, എസ്ബിഐ സർക്കിൾ ഡവലപ്മെന്റ് ഓഫീസർ അശുതോഷ് ശർമ്മ ഉദ്ഘാടനം ചെയ്തു. എല്ലാ പെൻഷൻകാരും ബാങ്കിന്റെ മെഡിക്കൽ ഇൻഷുറൻസിൽ ചേരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി എ.ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് എ.ആർ.സോമനാഥൻ പിള്ള അധ്യക്ഷത വഹിച്ചു. എസ്ബിഐ അസിസ്റ്റന്റ് ജനറൽ മാനേജർമാരായ .രഘുപതി എസ്സ്,, പദ്മജൻ റ്റി.കെ., പെൻഷനേഴ്സ് അസോസിയേഷൻ രക്ഷാധികാരി .ജോൺ ജോസഫ്, എസ് ബിഐ ഓഫിസേഴ്സ് അസോസിയേഷൻ ഡപ്യൂട്ടി ജനറൽ സെക്രട്ടറി ജഗന്നാഥൻ, സ്റ്റാഫ് യൂണിയൻ പ്രസിഡന്റ് അഖിൽ സത്യൻ എന്നിവർ പ്രസംഗിച്ചു. ദേശീയ റോളർ സ് കേറ്റിങ് ചാമ്പ്യൻഷിപ്പിലും, കേന്ദ്രീയ വിദ്യാലയ സംഘട നിലും സ്വർണ മെഡൽ ജേതാവും, ഇന്ത്യയുടെ പാർലിമെന്റിൽ സെൻട്രൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് നടത്തിയ പ്രോഗ്രാമിൽ പങ്കെടുത്തു സംസാരിക്കുകയും ചെയ്ത നമ്മുടെ അംഗം വി.കെ.ഭാസ്കരന്റെ ചെറുമകൾ കുമാരി.ശ്രീനിധിയെ യോഗം അനുമോദിച്ചു..



75 വയസ്സ് പൂർത്തിയാക്കിയ പെൻഷൻകാർക്ക് ആദരം

എഴുപത്തി അഞ്ചു വയസ്സു പൂർത്തിയാക്കിയ അംഗങ്ങളെയും, വിവാഹത്തിന്റെ അൻപതാം വാർഷികം ആഘോഷിച്ചവരെയും പൊന്നാട അണിയിച്ച് ആദരിച്ചു.



50 വർഷത്തെ ദാമ്പത്യ ജീവിതം പൂർത്തിയാക്കിയ ദമ്പതികൾക്കുള്ള മെമെന്റോകൾ സമ്മാനിച്ച് അശുതോഷ് ശർമ്മ

ജില്ലാ സെക്രട്ടറി ജോസഫ്, വി.എൽ പ്രവർത്തന റിപ്പോർട്ട്. അവതരിപ്പിച്ചു. ട്രഷറർ .എസ്സ്.എ.റഹ്മാൻ വരവുചിലവ് കണക്കുകളും അവതരിപ്പിച്ചു. പുതുതായി അംഗത്വമെടുത്തവർ സ്വയം പരിചയപ്പെടുത്തി.



പ്രവർത്തന റിപ്പോർട്ട്. അവതരിപ്പിക്കുന്ന ജില്ലാ സെക്രട്ടറി ജോസഫ്, വി.എൽ

സമ്മേളനത്തിന്റെ ഭാഗമായി ഞാണ്ടൂർകോണത്തു പ്രവർത്തിക്കുന്ന സ്നേഹ സഭനത്തിൽ രണ്ടു ദിവസത്തെ മുഴുവൻ ഭക്ഷണ ചിലവും രോഗികൾക്ക് വസ്ത്രങ്ങളും, പുതപ്പും നൽകുകയുണ്ടായി. ജില്ലയുടെ മുഴുവൻ മേഖലകളിൽ നിന്നും വലിയ തോതിൽ അഗങ്ങൾ പങ്കെടു ത്തു. 275 ലധികം അംഗങ്ങളാണ് പങ്കെടുത്തത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ പെൻഷനേഴ്സ് അസോസിയേഷൻ ഡപ്യൂട്ടി ജനറൽ സെക്രട്ടറി എം.സ്.സുബ്രമണ്യ അയ്യർ സ്വാഗതവും, ജില്ലാ ജോയന്റ് സെക്രട്ടറി .ജി. മധു കുമാർ നന്ദിയും പറഞ്ഞു. ഉച്ചഭക്ഷണം ഒരുക്കിയത് , യശശരീരനായ നമ്മുടെ അംഗം ചന്ദ്രമോഹന്റെ ഭാര്യയും ഫാമിലി പെൻഷണറുമായ ശ്രീദേവിയാണ്.



കുട്ടികൾക്കും കൊച്ചുമക്കൾക്കും ഇടയിലുള്ള നേട്ടങ്ങളെ അഭിനന്ദിച്ചും പ്രോത്സാഹിപ്പിച്ചും ജനറൽ സെക്രട്ടറി എ.ജയകുമാർ അടക്കമുള്ള മുതിർന്ന പൗരന്മാർ



ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

# ഭവന സന്ദർശനം



എഴുപത്തി അഞ്ചു വയസ്സു പൂർത്തിയാക്കിയ അംഗം പി ജി ജയകുമാറിനെ സംസ്ഥാന കമ്മറ്റിയംഗങ്ങളും നേതാക്കളും വസതിയിൽ എത്തി ആദരിച്ചപ്പോൾ



വസതിയിൽ വച്ച് ബാലകൃഷ്ണൻ ഡി ആദരം ഏറ്റു വാങ്ങുന്നു.

പി.ജി.ജയകുമാർ, ബാലകൃഷ്ണൻ.ഡി എന്നിവരെ സംസ്ഥാന പ്രസിഡന്റ് കെ രാജീവൻ, സംസ്ഥാന ജനറൽ സെക്രട്ടറി എ ജയകുമാർ , ജോസഫ് പാലക്കൽ (ഡിജിഎസ്, എറണാകുളം), ജോൺ ജോസഫ് (രക്ഷാധികാരി), എ ആർ സോമനാഥൻ പിള്ള (ജില്ലാ പ്രസിഡന്റ്) വി എൽ ജോസഫ് (ജില്ലാ സെക്രട്ടറി), എസ് എ റഹ്മാൻ (ജില്ലാ ട്രഷറർ) എന്നിവർ അവരുടെ വസതിയിൽ എത്തി ആദരിച്ചു.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# റിപ്പോ നിരക്കുകൾ വർദ്ധിപ്പിച്ച് ആർ.ബി.ഐ.

## റിപ്പോ നിരക്കുകൾ വർദ്ധിപ്പിച്ച് 2023 ഫെബ്രുവരി മാസത്തിലെ പണവായ്പ്പാ നയം ആർ.ബി.ഐ. പ്രഖ്യാപിച്ചു.

2023 ഫെബ്രുവരി 8 ന് മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി) റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ചതായി പ്രഖ്യാപിച്ചു. ഇത് നിലവിലെ റിപ്പോ നിരക്ക് 6.50% ആക്കുന്നു (നേരത്തെ 6.25% ൽ നിന്ന്). റിവേഴ്സ് റിപ്പോ നിരക്ക് മാറ്റമില്ലാതെ 3.35 ൽ നിൽക്കുന്നു. .ബാങ്ക് നിരക്കും മാർജിനൽ സ്റ്റാൻഡിംഗ് ഫെസിലിറ്റി (MSF) നിരക്കും 6.75% ആയി മാറി. സ്റ്റാൻഡിംഗ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25% ആണ്. പുതിയ നിരക്കുകൾ താഴെ കൊടുക്കുന്നു.

**റിപ്പോ നിരക്ക് : 6.50%**
**റിവേഴ്സ് റിപ്പൊ നിരക്ക് : 3.35%**
**മാറ്റമില്ലാതെ നിലനിർത്തി.**

സ്റ്റാന്റിങ്ങ് ഡെപ്പോസിറ്റ് ഫസിലിറ്റി റേറ്റ് :6.25%
മാർജിനൽ സ്റ്റാന്റിങ്ങ് ഫെസിലിറ്റി റേറ്റ് : 6.75%
ബാങ്ക് റേറ്റ് : 6.75%

### റിസർവ്വ് റേഷ്യോകൾ

കാഷ് റിസർവ്വ് റേഷ്യോ (CRR) : 4.50%
സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ ( SLR) : 18.00%

### വായ്പ്പ/ഡെപ്പോസിറ്റ് നിരക്കുകൾ

**ബേസ് നിരക്ക്: 8.65% - 9.40%**
**MCLR (Overnight) : 7.30% - 8.40%**
**സേവിംഗ്സ് ഡെപ്പോസിറ്റ് റേറ്റ് : 2.70% - 3.00%**
**സ്ഥിര നിക്ഷേപം റേറ്റ് > 1 വർഷം : 6.00% 7.25%**

# പണപ്പെരുപ്പം വീണ്ടും താഴേയ്ക്ക്



മൊത്തവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ഉപഭോക്തൃത പണപ്പെരുപ്പം ജനുവരിയിൽ 4.73 ശതമാനമായി താഴ്ന്നു. തുടർച്ചയായ മൂന്നാം മാസമാണ് റിസർവ് ബാങ്കിന്റെ പരമാവധി സഹനപരിധിയായ ആറു ശതമാനത്തിൽ താഴെ നിൽക്കുന്നത്. 24 മാസത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണിത്. ഇന്ധനം, ഊർജ്ജം, എന്നിവയുടെ വിലക്കയറ്റത്തോത് 18.09 ശതമാനത്തിൽ നിന്ന് ജനുവരിയിൽ 15.15 ശതമാനമായി കുറഞ്ഞു.

# എസ്ബിഐ ഡെപ്പോസിറ്റ് നിരക്കുകളിൽ വർദ്ധന

രണ്ടു കോടി രൂപായിൽ താഴെയുള്ള ഡെപ്പോസിറ്റ് നിരക്കുകളിൽ 0.5 ബി..പി..എസ് വർദ്ധിപ്പിച്ച് എസ്..ബി.ഐ..പുതിയ നിരക്കുകൾ ഫെബ്രുരി 15 നു നിലവിൽ വന്നു. 5 വർഷം മുതൽ 10 വർഷം വരെ 6.25- 6.50 നിരക്കുകളിൽ 0.5 ബി..പി..എസ് വർദ്ധിപ്പിച്ച് 7.25- 7.50 % വരെയാകും."എസ്ബിഐ വെകെയർ" ഡെപ്പോസിറ്റ് സ്കീമിന് കീഴിലു ള്ള 50 ബിപിഎസ് അധിക പ്രീമിയം ഉൾപ്പെടെ.പലിശ നിരക്കിൽ 5 0 bps അധിക പ്രീമിയം അടയ്ക്കേണ്ടതാണ്.

"400 ദിവസങ്ങൾ' എന്ന പ്രത്യേക കാലയളവ് പദ്ധതിയും ബാങ്ക് അവതരിപ്പിച്ചിട്ടുണ്ട്. 7.10 % w.e.f 15- Feb- 2023. പ്രസ്തുത സ്കീം 31-മാർച്ച്-2023 വരെ സാധുതയുള്ളതായിരിക്കും.

(Rates in % per annum)

| Tenors | Existing Rates for Public w.e.f. 13/12/2022 | Revised Rates for Public w.e.f. 15/02/2023 | Existing Rates for Senior Citizen w.e.f. 13/12/2022 | Revised Rates for Senior Citizen w.e.f. 15/02/2023 |
|---|---|---|---|---|
| 7 days to 45 days | 3.00 | 3.00 | 3.50 | 3.50 |
| 46 days to 179 days | 4.50 | 4.50 | 5.00 | 5.00 |
| 180 days to 210 days | 5.25 | 5.25 | 5.75 | 5.75 |
| 211 days to less than 1 year | 5.75 | 5.75 | 6.25 | 6.25 |
| 1 Year to less than 2 years | 6.75 | **6.80** | 7.25 | **7.30** |
| 2 years to less than 3 years | 6.75 | **7.00** | 7.25 | **7.50** |
| 3 years to less than 5 years | 6.25 | **6.50** | 6.75 | **7.00** |
| 5 years and up to 10 years | 6.25 | **6.50** | 7.25 | **7.50@** |

1. എസ്ബിഐ സ്റ്റാഫിന് നൽകേണ്ട പലിശ നിരക്ക് ബാധകമായ നിരക്കിനേക്കാൾ 1.00% കൂടുതലായിരിക്കും

2. പൊതുവേ. എല്ലാ റസിഡന്റ് ഇന്ത്യൻ മുതിർന്ന പൗരന്മാർക്കും ബാധകമായ നിരക്ക് 0.50% കൂടുതലായിരിക്കും

# എന്റെ അമേരിക്കൻ യാത്രകൾ

## ഭാഗം - 6



**ബി.ബാലഗോപാൽ**

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)

കാലിഫോർണിയയിലെ സാൻ ഫ്രാൻസിസ്കോയുടെ വടക്ക് ഭാഗത്താണ് നാപ കൗണ്ടി. നാപ്പ വാലി എന്ന പേരുകളിൽ അറിയപ്പെടുന്ന വൈൻ മേഖല കുന്നിൻപുറത്തുള്ള നൂറുകണക്കിന് മുന്തിരിത്തോട്ടങ്ങൾക്ക് പേരുകേട്ടതാണ്.

നാനൂറിലധികം വൈനറികൾ ഉള്ള. ,പ്രശസ്തമായ പല വിശിഷ്ട വൈനുകൾ ഉല്പാദിപ്പിക്കുന്ന കാലിഫോർണിയയിലെ പ്രദേശമാണ് നാപ്പാ വാലി . നാപ്പാ വാലി ലേക്കുള്ള യാത്രയും വൈനറിയിലെ സന്ദർശനത്തെക്കുറിച്ചുള്ള വിവരണത്തോടെ ഈ ലക്കം തുടങ്ങാമെന്ന് വിചാരിക്കുന്നു .




നാപ്പാ വാലിയിലേക്ക് സ്വാഗതം

ഒക്ടോബർ 11–ാം തിയതി കാലത്തു 11 മണിയോടെ എന്റെ അനന്തരവൻ സഞ്ജയിന്റെ കാറിൽ നാപ്പാ വാലിയിലേക്ക് തിരിച്ചു . 82 മൈൽ ദൂരം ഞങ്ങൾ ഏകദേശം ഒന്നര മണിക്കൂർ കൊണ്ട് പിന്നിട്ടു . നാപ്പാ കൗണ്ടിയിലേക്ക് കടക്കുമ്പോൾ തന്നെ ഇരു വശങ്ങളിലുമുള്ള മുന്തിരി തോട്ടങ്ങൾ കാണാമായിരുന്നു . വിളവെടുപ്പ് കഴിഞ്ഞ സമയമായതിനാൽ മുന്തിരിക്കുലകളാൽ സമൃദ്ധമായ തോട്ടങ്ങളുടെ മനോഹാരിത ആസ്വദിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല .



മനോഹരങ്ങളായ മുന്തിരിത്തോട്ടങ്ങളിൽ ഒന്ന്



റോളിങ്ങ് ഹിൽസ് ഓഫ് നാപ വാലി, ഒരു വിദൂര ദൃശ്യം



നാപ വാലിയിലെ അതിമനോഹര സായാഹ്നക്കാഴ്ച്ചകൾ

നാപാ താഴ്‌വരയിലെ വളരെ പ്രശസ്തമായ വൈനറിയായ കാസ്റ്റെല്ലോ ഡി അമേറോസയിലെ വൈൻ ടൂറിനായി സഞ്ജയ് ഞങ്ങൾക്കായി 3 പ്രവേശന പാസ്സുകൾ റിസർവ് ചെയ്തിരുന്നു.

## കാസ്റ്റെല്ലോ ഡി അമോറോസ

കാലിഫോർണിയയിലെ കാലിസ്റ്റോഗയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ഒരു വൈനറിയാണ് കാസ്റ്റെല്ലോ ഡി അമോറോസ. ഇറ്റാലിയൻ ഭാഷയിൽ "സ്നേഹത്തിന്റെ കോട്ട" എന്നാണ് അർത്ഥം. ഈ വാസ്തുവിദ്യാ മാസ്റ്റർപീസ് ഉയർന്ന മതിലുകളും അഞ്ച് പ്രതിരോധ ഗോപുരങ്ങളും 30 ഏക്കർ എസ്റ്റേറ്റ് മുന്തിരിത്തോട്ടങ്ങളുമുള്ള പതിമൂന്നാം നൂറ്റാണ്ടിലെ കാസിലുകളുടെ മാതൃകയിൽ നിർമ്മിച്ച ടസ്കൻ കാസിൽ വൈനറിയാണ്. നാലാം തലമുറ വൈൻ നിർമ്മാതാവായ ഡാരിയോ സറ്റൂയി 14 വർഷമെടുത്താണ് ഇത് നിർമ്മിച്ചത്. 2007 ഏപ്രിലിൽ ഈ വൈനറി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു,



കോട്ടയുടെ പ്രവേശന കവാടത്തിൽ ലേഖകനും ഭാര്യയും

1993-ൽ, സത്തൂയി 171 ഏക്കർ (69 ഹെക്ടർ) $3.1 മില്യൺ വിലയ്ക്ക് വാങ്ങി, പിന്നീട് കോട്ട, ഔട്ട്ബിൽഡിംഗുകൾ, കോട്ടയ്ക്കുള്ളിലെ വൈനറി എന്നിവയുടെ നിർമ്മാണത്തിനായി 40 മില്യൺ ഡോളർ ചിലവഴിച്ചു; 1995-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2007-ൽ തുറന്നപ്പോൾ ഭൂമിക്ക് മുകളിലും താഴെയുമായി 8 നിലകളിലായി 107 മുറികൾ ഉൾപ്പെടുന്ന കോട്ടയുടെ അകത്തളങ്ങൾ ഏകദേശം 121,000 ചതുരശ്ര അടി ആയിരുന്നു; പിന്നീട് ഇത് 141,000 ചതുരശ്ര അടിയായി വികസിപ്പിച്ചിട്ടുണ്ട്.

2020 സെപ്തംബർ 27-ന് ആരംഭിച്ച ഗ്ലാസ് ഫയർ സമയത്ത്, ഫാംഹൗസിന് വലിയ നാശനഷ്ടങ്ങൾ സംഭവിച്ചു, 2020-ലെ ഫാന്റസിയ വൈൻ മുഴുവൻ നഷ്ടപ്പെട്ടു, എന്നാൽ കോട്ടയ്ക്ക് കേടുപാടുകൾ സംഭവിക്കാതെ അവശേഷിച്ചു.



വൈൻ സെല്ലാർ

ഒരു കിടങ്ങ് ,ഒരു ഡ്രോബ്രിഡ്ജ്, പ്രതിരോധ ഗോപുരങ്ങൾ, ഒരു ഇന്റീരിയർ കോർട്യാർഡ്, ഒരു ടോർച്ചർ ചേംബർ, ഒരു ചാപ്പൽ/പള്ളി, ഒരു നൈറ്റ്സ് ചേംബർ, 22-അടി ഉയരമുള്ള കോഫർഡ് സീലിംഗ് ഉള്ള 72 അടി നീളവും 30 അടി വീതിയും ഉള്ള വലിയ ഹാൾ എന്നിവയെല്ലാം ഈ കോട്ടയുടെ സവിശേഷതകളാണ്.



സഞ്ജയിനൊപ്പം വൈൻ ടേസ്റ്റിങ്

പീഡന മുറിയിൽ (torture chamber) നവോത്ഥാന കാലഘട്ടത്തിൽ നിന്നുള്ള ഒരു ഇരുമ്പ് കന്യകയുണ്ട്. ഇത് ഇറ്റലിയിലെ പിയൻസയിൽ 13,000 ഡോളറിന് താൻ വാങ്ങിയതായി സത്തൂയി പറയുന്നു . മഹത്തായ ഹാളിൽ രണ്ട് ഇറ്റാലിയൻ കലാകാരന്മാർ വരച്ച,ഒന്നര വർഷമെടുത്ത് പൂർത്തിയാക്കിയ ഫ്രെസ്കോകൾ ഉണ്ട് .

കൊത്തുപണി, ഇരുമ്പ്, മരപ്പണി എന്നിവ പുരാതന ക്രാഫ്റ്റിംഗ് ടെക്നിക്കുകൾ ഉപയോഗിച്ച് കൈകൊണ്ട് നിർമ്മിച്ചതാണ്. നിർമ്മാണ സാമഗ്രികളിൽ 8,000 ടൺ പ്രാദേശികമായി ഖനനം ചെയ്ത കല്ലുകൾ, നടപ്പാത കല്ലുകൾ, ടെറകോട്ട റൂഫിംഗ് ടൈലുകൾ, യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്ത 850,000 ഇഷ്ടികകൾ എന്നിവ ഉൾപ്പെടുന്നു.



മെയിൻ ഹാളിനു മുൻപിൽ

കോട്ടയോട് ചേർന്നുള്ള മലഞ്ചെരുവിലേക്ക് നീണ്ടുകിടക്കുന്നത് ഏകദേശം 900 അടി നീളമുള്ള ഗുഹകളുടെ, ഉള്ളിൽ പ്രവേശിച്ചാൽ വെളിയില് വരാൻ ഗ്രാഹ്യം കിട്ടാതെ ചുറ്റിക്കുന്ന എടുപ്പുകൾ ഉള്ള നിർമ്മിതി ആണ്. കോട്ടയ്ക്ക് താഴെ 2 ഏക്കർ ബാരൽ നിലവറയും ടേസ്റ്റിംഗ് റൂമുകളും ഉണ്ട്, അവിടെ സന്ദർശകർക്ക് വീഞ്ഞ് സാമ്പിൾ ടേസ്റ്റ് ചെയ്യാൻ കഴിയും.

പ്രവേശന ഫീസ് ഒരാൾക്ക് $40 ആണെങ്കിലും അഞ്ചു വ്യത്യസ്ത വൈനുകൾ രുചിക്കാനും , ആ കോട്ടയുടെ വാസ്തു ശില്പ ഭംഗി ആസ്വദിക്കാനും കഴിഞ്ഞത് ഒരു മറക്കാനാവാത്ത അനുഭവം തന്നെയായിരുന്നു .



വൈനുകളുടെ ശേഖരം **A wine yard in the Napa Valley**

## 17 മൈൽ ഡ്രൈവ്

US സ്റ്റേറ്റ് റൂട്ട് 101 ലൂടെ 122 മൈൽ ദൂരെയുള്ള "17 മൈൽ ഡ്രൈവ് "കാണാൻ അടുത്ത ദിവസം 11 മണിയോടെ ഞങ്ങൾ പുറപ്പെട്ടു . ഈ യാത്രയിൽ സഞ്ജയനോടൊപ്പം എന്റെ മരുമകൾ പ്രതിഭയും അവരുടെ മകൻ ആഗ്നേയും ( ഞങ്ങളുടെ അപ്പു ) ഉണ്ടായിരുന്നു . മികച്ച കാലാവസ്ഥ. സബ്‌വേയിൽ നിന്ന് സാൻഡ്‌വിച്ചുകളും ചിപ്പോട്ടിൽ റെസ്റ്ററന്റിൽ നിന്ന് ബുറിറ്റോ ഭക്ഷണവും വാങ്ങിയിരുന്നു. പക്ഷേ ബിയർ കിട്ടിയില്ല .ചൂടുള്ള കാലാവസ്ഥയിൽ അത് ഒരു വലിയ നഷ്ടമായിരുന്നു ...

17-മൈൽ ഡ്രൈവ് കാലിഫോർണിയയിലെ മോണ്ടെറി പെനിൻസുലയിലെ പെബിൾ ബീച്ച്, പസഫിക് ഗ്രോവ് എന്നിവ ഉൾക്കൊള്ളുന്ന ഭൂരിഭാഗവും പസഫിക് തീരപ്രദേശത്തു കൂടിയുള്ള മനോഹരമായ റോഡാണ്. ഈ യാത്രയിൽ ഓരോ മൈലിലും ഓരോ ആകര്ഷണങ്ങളുമുണ്ട് . വാസ്തവത്തിൽ ഇതൊരു വെറും റോഡ് മാത്രമല്ല . പസഫിക് സമുദ്രത്തിന്റെ തീരത്തിലൂടെ മനോഹരമായ കടൽ കാറ്റും കാഴ്ച്ചകളും ആസ്വദിച്ച് ഡെൽ മോന്റെ വനത്തിനരികിലൂടെയുള്ള ഈ യാത്ര നമുക്ക് മറക്കാനാവാത്ത ഒരു അനുഭൂതി പ്രദാനം ചെയ്യും.



തിരമാലകൾ അടങ്ങാത്ത കടലോരങ്ങൾ

ഈ വഴിയുടെ ഓരങ്ങളിൽ ഹോളിവുഡ് താരങ്ങളുടെയും മറ്റു ശതകോടീശ്വരന്മാരായുടെയും രമ്യ ഹർമ്യങ്ങളും നമുക്ക് കാണാൻ സാധിക്കും .

## ലോൺ സൈപ്രസ്

ഈ വഴിയിലെ ഏറ്റവും പ്രശസ്തമായ ആകർഷണമാണ് ലോൺ സൈപ്രസ് . കാലിഫോർണിയയിലെ പെബിൾ ബീച്ചിൽ സ്ഥിതി ചെയ്യുന്ന ഒരു മോണ്ടെറി സൈപ്രസ് മരമാണ് ലോൺ സൈപ്രസ്. കാർമൽ ബേയെ അഭിമുഖീകരിക്കുന്ന ഒരു ഗ്രാനൈറ്റ് ഹെഡ്‌ലാൻഡിന് മുകളിൽ നിൽക്കുന്ന ഈ മരം ഒരു പാശ്ചാത്യ ഐക്കണായി മാറിയിരിക്കുന്നു, കൂടാതെ വടക്കേ അമേരിക്കയിലെ ഏറ്റവും ഫോട്ടോഗ്രാഫ് ചെയ്ത മരങ്ങളിലൊന്നായി ഇത് അറിയപ്പെടുന്നു. ഉദ്ദേശം 250 കൊല്ലത്തോളം മുൻപ് നട്ടു പിടിപ്പിച്ചതാണ് ഈ സൈപ്രസ് മരം എന്നാണ് കരുതപ്പെടുന്നത് . നൂറ്റാണ്ടുകളായി, പസഫിക് സമുദ്രത്തിൽ നിന്ന് പുറപ്പെടുന്ന കാറ്റും ഉപ്പ് സ്പ്രേയും മൂലം വൃക്ഷം രൂപ മാറ്റംസംഭവിച്ചു കൊണ്ടിരിക്കയാണ് .



## ബേർഡ് റോക്ക്

17 മൈൽ ഡ്രൈവിൽ സഞ്ചരിക്കുമ്പോൾ കാണാനുള്ള ഏഴാമത്തെ പോയിന്റാണ് ബേർഡ് റോക്ക്. ബ്രൗൺ പെലിക്കൻസ്, ബ്രാൻഡ്സ് കോർമോറന്റ്സ്, വെസ്റ്റേൺ ഗൾസ്, സീ ലയൺസ് എന്നിവ അവരുടെ ഇണചേരൽ കാലത്തിനനുസരിച്ച് ഇവിടെ നിന്ന് വന്ന് പോകുന്നു. സീലുകളും കടൽ ഒട്ടറുകളും വർഷം മുഴുവനും ഇവിടെ തങ്ങുന്നു.



1930 ഇൽ വളമായി ഉപയോഗിക്കുന്നത് വരെ ബേർഡ് റോക്കിൽ പെലിക്കൻ പക്ഷികളുടെ കാഷ്ഠം 4 മുതൽ 5 അടി വരെ കൂടികിടക്കുകയായിരുന്നു .

അങ്ങിനെ ഒരാഴ്ച്ചത്തെ സാൻ ഫ്രാൻസിസ്കോ സന്ദർശനം കഴിഞ്ഞു ഞങ്ങൾ വിർജിനിയയിലേക്കുമടങ്ങി. സഞ്ജയിന്റെയും പ്രതിഭയുടെയും ഊഷ്മള ആതിഥേയത്വവും, ആദ്യമായി കാണുന്ന സാൻ ഫ്രാൻസിസ്കോയുടെ വൈവിധ്യമാർന്ന മനോഹാരിതയും ഞങ്ങളുടെ സന്ദർശനം മറക്കാനാവാത്ത അനുഭവമാക്കി മാറ്റി..

(തുടരും.........)

## സംഘം ഭരണ സമിതി തിരഞ്ഞെടുപ്പ് 2023 ഫെബ്രുവരി 7 ന് നടന്നു

നമ്മുടെ സഹകരണ സംഘം വിജയകരമായി അതിന്റെ ഒന്നാം ടേം ആയ അഞ്ചു വർഷം പൂർത്തിയാക്കി. അംഗസംഖ്യ 400 പിന്നിട്ട് വളർച്ചയുടെ പാതയിലാണ് സംഘം. രണ്ടാം ടേമിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് 2023 ഫെബ്രുവരി 7 ന് നടന്നു.

7 ജനറൽ സീറ്റും 3 വനിതൾക്കും 1 സീറ്റ് പട്ടിക വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ളതടക്കം മൊത്തം 11 ഭരണസമിതിയംഗങ്ങളുടെ തിരഞ്ഞെടുപ്പാണ് നടന്നത്. താഴെപ്പറയുന്ന അംഗങ്ങളെ എതിരില്ലാതെ തെരഞ്ഞെടുക്കുകയായിരുന്നു.



മാത്യു അടയ്ക്കാമുണ്ടയ്ക്കൽ പത്രികാ സമർപ്പണ വേളയിൽ

### പുതിയ ഡയറക്ടർ ബോർഡ് അംഗങ്ങൾ

1. ശ്രീമതി. റൈസാ ബീഗം
2. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
3. ശ്രീമതി. ആച്ചിയമ്മ എബ്രഹാം
4. എ.എൻ.രാജൻ
5. പി.എം. ജേക്കബ്ബ്
6. എൻ.സി.മാത്യു
7. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
8. എം.ജി.രാഘവൻ
9. തോമസ് ഫിലിപ്പ്
10. ഗോപകുമാർ എൻ.

11. സിറിൽ ജോസ്.റ്റി.





റൈസാ ബീഗം, എൻ.സി.മാത്യു, ആച്ചിയമ്മ എബ്രഹാം, ഗോപകുമാർ. എൻ, എ.എൻ.രാജൻ, തോമസ് ഫിലിപ്പ്..



സിറിൽ ജോസ്.റ്റി., ആച്ചിയമ്മ എബ്രഹാം, എൻ.സി.മാത്യു, ത്രേസ്യാമ്മാ ആന്റണി , എ.എൻ.രാജൻ, തോമസ് ഫിലിപ്പ്, പി.എം. ജേക്കബ്ബ്

10.30 മണയ്ക്ക് നടന്ന ഭാരാഹികളുടെ തെരഞ്ഞെടുപ്പിൽ വരണാധികാരി ശ്രീമതി.ഗ്രെയ്നി നടപടികൾക്ക് നേതൃത്വം നല്കി. 11 പേരടങ്ങുന്നതാണ് ഭരണ സമിതി. അതിൽ നിന്നും ഇനിപ്പറയുന്നവരെ കാര്യ നിർവഹണ സമിതിയായും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.



1).എം.ജി.രാഘവൻ – പ്രസിഡന്റ്



2).മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
വൈസ പ്രസിഡന്റ്



3).ശ്രീമതി. ത്രേസ്യാമ്മാ ആന്റണി – സെക്രട്ടറി



4). സിറിൽ ജോസ്.റ്റി. – ജോയിന്റ് സെക്രട്ടറി



5). ശ്രീമതി. റൈസാ ബീഗം – ഇന്റേണൽ ഓഡിറ്റർ

എന്നിവരെ കാര്യ നിർവഹണ സമിതിയായും തിരഞ്ഞെടുത്തു.



സർക്കാർ നിയോഗിച്ച ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ ശ്രീമതി.ഗ്രെയ്നി

അടുത്ത അഞ്ചു വർഷത്തേയ്ക്കുള്ള പുതിയ ഭരണസമിതി നിലവിൽ വന്നതായി വരണാധികാരി പ്രഖ്യാപിച്ചു..

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി യോഗം 2023 ഫെബ്രുവരി മാസം 10–ാം തിയതി വെള്ളിയാഴ്ച രാവിലെ 12 മണിക്ക് പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീമതി. റൈസാ ബീഗം
2. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
3. ശ്രീമതി. ആച്ചിയമ്മ എബ്രഹാം
4. എ.എൻ.രാജൻ
5. പി.എം. ജേക്കബ്ബ്
6. എൻ.സി.മാത്യു
7. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
8. എം.ജി.രാഘവൻ
9. തോമസ് ഫിലിപ്പ്
10. ഗോപകുമാർ എൻ.
11. സിറിൽ ജോസ്.റ്റി.

റൈസാ ബീഗം സ്വാഗതം ആശംസിച്ചു.

# ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് ഫെബ്രുവരി 10–ാം തിയതി വെള്ളിയാഴ്ച 12 മണിക്ക് നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം അറിയിക്കുന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | IX | 25000 | 199 | അൻസാരി.കെ.ഇ. |
| 2 | X | 100,000 | 218 | എം.പി.പുഷ്ക്കരൻ . |
| 3 | X I | 100,000 | 239 | രാജൻ.പി.വർഗീസ് |
| 4 | XII | 100,000 | 257 | പി.സി.പീറ്റർ |
| 5 | XIII | 100,000 | 299 | ആർ.ഇന്ദിരാദേവി |
| 6 | XIV | 100,000 | 324 | മാത്യു അടയ്ക്കാമുണ്ടയ്ക്കൽ |
| 7 | XV | 100,000 | 330 | മറിയം.കെ.എസ്. |
| 8 | XVI | 100,000 | 358 | ജെയിംസ് ജോസഫ് |

നറുക്ക് ലഭിച്ചവർക്ക് 2023 മാർച്ച് മാസം 10–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 10–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക.

# പുതിയ അംഗങ്ങൾ

## എ ക്ലാസ്

പുതിയ “എ”ക്ലാസ്സ് അംഗത്വത്തിന് 19 അപേക്ഷകൾ ഉണ്ടായിരുന്നു.

1. ജോസഫ്.കെ.ജെ. കൊക്കാട്ട്, തലയോലപറമ്പ്
2. ജോസ്.കെ.പോൾ, എടത്തേൽ, കോതനല്ലൂർ
3. ഇന്ദിര.എൻ. പൂർണ്ണേന്ദു, കിടങ്ങൂർ
4. ശ്രീകുമാർ ഹെഗ്ഡൻ, മഠത്തിൽ പറമ്പിൽ, ഏറ്റുമാനൂർ
5. മാത്യു..ഇ..കെ. മന്നാ മെഡോസ്, വില്ല നം.22, പേരൂർ
6. മോളി ജേക്കബ്, പുത്തൻ പുരയിൽ, ഏറ്റുമാനൂർ
7. ജെമിനി.എ.എൻ. മാന്താണിമറ്റത്തിൽ, ഏറ്റുമാനൂർ
8. സെബി ജോർജ്ജ്, കുട്ടൻ തറപ്പേൽ, അതിരമ്പുഴ
9. ലീലാമ്മ. കെ.വി. തോപ്പുറം, കൈപ്പുഴ
10. പി.ഡി. തോമസ്, പൂവത്തുമ്മൂട്ടിൽ, ഏറ്റുമാനൂർ
11. ടോമി സെബാസ്റ്റ്യൻ, ചക്കാലയ്ക്കൽ, അതിരമ്പുഴ
12. ജോണി ജോസഫ്, പണ്ടാരക്കളം, അതിരമ്പുഴ
13. രാജശേഖരൻ നായർ.പി.എൻ. പുതുഞ്ഞാലിൽ, മാടപ്പാട്ട്
14. കെ.എൻ.രാഘവൻ, പ്രസന്നഭവൻ, ഏറ്റുമാനൂർ
15. വിശ്വംഭരൻ.റ്റി.എം
16. പി.എം.സഖറിയ
17. ജോസഫ് സ്കറിയ
18. ആനിക്കുട്ടി സെബാസ്റ്റ്യൻ
19. അംബിക.ആർ.

19 പേർക്കും അംഗത്വം നല്കിയും അപേക്ഷിച്ച ഓഹരികൾ അനുവദിച്ചും തീരുമാനമായി.

### കൂടുതൽ ഓഹരികൾ

കൂടുതൽ ഓഹരികൾക്കായി സമർപ്പിച്ച 4 അപേക്ഷയിൽ ഓഹരികൾ അനുവദിച്ചും തീരുമാനമായി.

1. ത്രേസ്യാമ്മാ ആന്റണി.,
2. ഈശോ ചെറിയാൻ
3. റൈസാ ബീഗം
4. എൽസിക്കുട്ടി.വി.സി.

## സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 3 “സി” ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ഡാർലി സേവ്യർ ,
2. ലാലി പോൾ
3. ഉഷാ..പി.നായർ

# പുതിയ ജി.ഡി.സി.എസ് കുറികൾ

ഒരു ലക്ഷം രൂപ സലയുള്ള 2 പുതിയ ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം 50,000, ഒരു ലക്ഷം രൂപ

സലയുള്ള പുതിയ 3 ജി..ഡി.സി.എസ് കുറികൾ തുടങ്ങുന്നതിന് തീരുമാനിച്ചു.

**XVII-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു**

പുതിയ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. കുറച്ചു നമ്പറുകൾ കുടി ബാക്കി നിൽക്കുന്നു . വിളിക്കുക.

**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്ട്സ് ആപ്പ് 9446322416 നമ്പറിൽ ബന്ധപ്പെടുക.**



കപ്പ് കേക്കുകൾ കൊണ്ടൊരു വാലന്റൈൻ ദിന ബൊക്കേ

## കവിത

# പ്രണയം



റൈസ ബീഗം

**ഇന്നലെയെന്നപോൽ ഓർക്കുന്നു ഞാൻ**
**നിൻ പ്രണയം എന്നോടു ചൊല്ലിയ നിമിഷം**
**കാതര മിഴികളും വിതുമ്പും**
**ചൊടികളും**
**മായാതെ നിൽക്കുന്നു മനസ്സിലിന്നും**
**അകതാരിൽ പ്രതിഷ്ഠിച്ചോരോർമ്മതൻ**
**നിലവിളക്കും**
**കെടാതെ നിൽക്കുന്നു ഹൃദയത്തിൻ പ്രകാശമായി**
**വസന്തങ്ങളെത്ര കൊഴിഞ്ഞാലും**
**എത്ര ശരത്കാലങ്ങൾ വന്നുപോയാലും**
**മായുമോ നിൻ മുഖം ഹൃത്തിൽ നിന്നും**
**നിൻ പ്രണയവും**
**അകലെയാകാശത്തിൽ കുഞ്ഞു നക്ഷത്രമായി നീ**
**വിലസിടുമ്പോഴും**
**കാറ്റായ്, മഴയായ്, മിന്നലായ്**
**കൂട്ടായ് ഞാനുമുണ്ടാകും എൻ പ്രണയവും**

## വാലന്റൈൻ ദിനം

**ഫെബ്രുവരി14, ലോകമൊട്ടാകെ വാലന്റൈൻ ദിനം ആഘോഷിക്കുകയാണ്. പ്രണയിതാക്കൾ തമ്മിൽ പരസ്പരം സ്നേഹം പങ്കുവെക്കുന്ന ദിനം, പ്രണയം മനസ്സിൽ സൂക്ഷിച്ചിരിക്കുന്നവർ തമ്മിൽ മനസ്സു തുറക്കുന്ന ദിനം. പ്രണയങ്ങളുടെ വിശുദ്ധിയെ ചോദ്യം ചെയ്യുന്ന തരത്തിലുള്ളതാണ് ഇന്ന് പല പ്രണയങ്ങളും. ഹൃദയത്തിൽ നിന്നും പ്രണയം ശരീരത്തിലേക്ക് ഒതുങ്ങുന്ന കാലം, വഞ്ചനയുടെ കാലം, ഇതിൽ നിന്നൊക്കെ നമ്മുടെ പ്രണയങ്ങൾ വ്യത്യസ്തമാകട്ടെ.**

# നർമ്മ വീഥി










Can't you wait a little more..IBA has asked Unions to submit fresh proposals on Pension




........ why worry about your Tax under Old or New Regime when you still get pension pertaining to an ancient regime!!




## കൗതുക വാർത്തകൾ

# കുലയ്ക്കാൻ നാലുമാസം, മൂന്ന് മാസത്തിനുള്ളിൽ വിളവെടുപ്പ്; വാഴ കർഷകർ കുള്ളൻ നേന്ത്രനിലേക്ക്......

സാധാരണ നേന്ത്രവാഴ വെച്ചാൽ കുല വെട്ടി വില്ക്കാൻ ഒരു വർഷത്തോളം പരിപാലിച്ച് കാത്തിരിക്കണം......



നാലാം മാസം കുലയ്ക്കും, രണ്ട്- മൂന്ന് മാസം കൊണ്ട് മൂപ്പെത്തിയ കുലവെട്ടി വില്ക്കാം. കുറഞ്ഞ സമയംകൊണ്ട് മികച്ച ലാഭം നല്കി നേന്ത്രവാഴക്കർഷകർ ആശ്വാസമാവുകയാണ് കുള്ളൻ നേന്ത്രൻ. കാലംതെറ്റി പെയ്യുന്ന മഴയും വെള്ളപ്പൊക്കവും കാരണം കൃഷി നശിച്ച് സാമ്പത്തിക നഷ്ടം നേരിട്ടിരുന്ന കോഴിക്കോട് മാവൂരിലെ കർഷകർ കുള്ളൻ നേന്ത്രന്റെ ചുവടുപിടിച്ച് കൃഷിയെ ലാഭത്തിന്റെ പാതയിലേക്ക് തിരിച്ചുകൊണ്ടുവരികയാണ്. സാധാരണ നേന്ത്ര വാഴ ഓഗസ്റ്റ് മാസത്തിൽ വെക്കണം. കുള്ളൻ നേന്ത്രവാഴ ഒക്ടോബറില് വെച്ചാലും ഓഗസ്റ്റിൽ വെച്ച വാഴയ്ക്ക് മുമ്പേ കുല വെട്ടാം. വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ തടം അല്പ്പം ഉയര്ത്തി കന്ന് വെച്ചാൽ മതി. വെള്ളത്തിന്റെ ശല്യം ബാധിക്കാത്തതിനാൽ ചീഞ്ഞുപോകുമെന്ന പേടിയില്ലെന്നും മാവൂരിലെ കർഷകർ പറയുന്നു. സാധാരണ നേന്ത്രവാഴയെ അപേക്ഷിച്ച് കുലയ്ക്ക് തൂക്കം കൂടുതലാണ്. നാല് പടല വരെയേ ഉണ്ടാവൂയെങ്കിലും സാധാരണ നേന്ത്രനേക്കാൾ തൂക്കം ഉണ്ടാവും. മധുരവും രുചിയും കൂടുതലാണെന്നും കർഷകർ പറയുന്നു. ......

# പച്ചപിടിക്കുന്ന മരുഭൂമി

ഷാർജ ഭരണാധികാരി ഷെയ്ഖ് ഡോ സുൽത്താൻ അൽ ഖാസിമി മ്ലീഹയിൽ ഗോതമ്പ് ഫാം പദ്ധതിയുടെ ആദ്യ ഘട്ടം ഉദ്ഘാടനം ചെയ്തു.. എമിറേറ്റ്സിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭക്ഷ്യ വിതരണം സുരക്ഷിതമാക്കാനും ഉൽപ്പാദനം ഉയർത്താനുമാണ് ഈ സംരംഭം ലക്ഷ്യമിടുന്നതെന്ന് സ്റ്റേറ്റ് ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തു.

ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായിക്കും..




ഷൈഖ് ഡോ സുൽത്താൻ ഫാം പദ്ധതിയുടെ ആദ്യ ഘട്ടം ഉദ്ഘാടനത്തിന്റെ അടയാളമായി വിത്ത് വിതച്ചു. ഗോതമ്പ് കൃഷിയുടെ ആദ്യഘട്ടത്തിൽ 400 ഹെക്ടർ സ്ഥലത്ത് നാല് മാസത്തിനുള്ളിൽ വിളവെടുപ്പ് നടത്താനാണ് ലക്ഷ്യമിടുന്നത്.



ഗോതമ്പ് വയലുകളുടെ വിദൂര ദൃശ്യം

കൃഷി, കന്നുകാലി, മത്സ്യബന്ധനം എന്നീ മേഖലകളെ പിന്തുണയ്ക്കുന്നതാണ് പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു. ഫാമുകൾ വികസിപ്പിക്കുകയും കർഷകരെയും മത്സ്യത്തൊഴിലാളികളെയും സഹായിക്കുകയും ഭക്ഷ്യ ഉൽപ്പാദനത്തിലെ ദുരുപയോഗം പരിമിതപ്പെടുത്തുന്ന നിയമങ്ങളും നിയന്ത്രണങ്ങളും സ്ഥാപിക്കുകയും ചെയ്യുന്നു.

കൃഷിയിടങ്ങൾ വികസിപ്പിക്കുന്നതിലും പരിപാലിക്കുന്നതിലും ഷാർജ സർക്കാരുമായി സഹകരിക്കണമെന്നും പ്രത്യേക ഫാമുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം കർഷകരോട് അഭ്യർത്ഥിച്ചു..

വിളകൾ ആരോഗ്യകരവും ദോഷകരമായ രാസവസ്തുക്കളിൽ നിന്ന് മുക്തവുമാണെന്ന് ഉറപ്പാക്കാൻ കർഷകർക്ക് സാങ്കേതികവും കാർഷികവുമായ കൺസൾട്ടേഷനുകൾക്ക് പുറമേ കുറഞ്ഞ വിലയ്ക്ക് വൈദ്യുതിയും വെള്ളവും നൽകുമെന്ന് ഷെയ്ഖ് ഡോ സുൽത്താൻ പറഞ്ഞു.



ജലസേചനം സാദ്ധ്യമാക്കുന്നതിനുള്ള വൻകിട പദ്ധതി

രാജ്യം 1.7 ദശലക്ഷം ടൺ ഗോതമ്പ് ഇറക്കുമതി ചെയ്യുന്നുണ്ടെന്നും ഷാർജയിലെ ജനസംഖ്യ 330,000 ടൺ ഉപയോഗിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. മ്ലീഹ ഫാമുകളിൽ ഗോതമ്പ് വിളവെടുത്താൽ, അത് ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കും.. മൂന്ന് ഘട്ടങ്ങളിലായി പദ്ധതി പൂർത്തീകരിക്കും, ആദ്യത്തേത് 400 ഹെക്ടറിലും രണ്ടാമത്തേത് 880 ഹെക്ടറിലും 2024ലും മൂന്നാമത്തേത് 2025ൽ 1,400 ഹെക്ടറിലും പൂർത്തീകരിക്കും.

# വായനക്കാർ എഴുതുന്നു




## OTP നമ്മുടെ മിത്രമോ ശത്രുവോ...!

### എവിടെ തിരിഞ്ഞങ്ങു നോക്കിയാലും അവിടെല്ലാം ഒ.ടി.പി. വിഹാരം തന്നെ.

ഇന്നലെ, പതിവില്ലാതെ, റേഷൻ സമാനങ്ങൾ വാങ്ങാൻ റേഷൻ കടയിലൊന്നു പോയി. അപ്പോൾ ഒരാൾ അവിടെ റേഷൻ മേടിച്ചു കൊണ്ടു നില്കുന്നു. അയാൾ തള്ള വിരൽ വച്ചപ്പോൾ പരിശോധന നടന്നില്ല. പകരമിതാ, ഒ.ടി.പി. വന്നിരിക്കുന്നു. ഒ.ടി.പി. യുടെ ഫോണോ, വീട്ടിലിരിക്കുന്ന അമ്മയുടെ കൈയിൽ, പോരേ പൂരം!

അയാൾ വേറെ ഫോണിൽ ഒ.ടി.പി. തരാൻ അമ്മയെ വിളിച്ചു. അതെവിടാ ഇരിക്കുന്നേ, എന്നായി അമ്മ! 'അമ്മേടെ പേരിലല്ലേ കാർഡ്. ഒ.ടി.പി. അമ്മേടെ ഫോണിലാണ് എന്ന് മകൻ. റേഷൻ കിട്ടാതെ അയാൾ വീട്ടിലേക്ക് ഓടി.

ഞാൻ വിരൽ വച്ചപ്പോൾ എനിക്കും ഒ.ടി.പി. യാണ് വന്നത്. അ ടുത്ത പ്രാവശ്യം എനിക്ക് ഒ.ടി.പി. ഇല്ലാതെ കാര്യം നടന്നു. ഒ.ടി.പി. കൊണ്ടുള്ള പുലിവാല് പറഞ്ഞാൽ തീരില്ല. ATM ലെ ഒ.ടി.പി. വരവ് അനേകരെ കഷ്ടപ്പെടുത്തുന്നു.

റേഷൻ കടയിൽ പോകാൻ സമയം കിട്ടാത്ത എത്രയോ പേരുണ്ട്.! ഒ.ടി.പി. ഫോൺ ആർക്കും കൈമാറാവുന്നതാണോ? ഇതു തീരെ നിസാരം ഒരു പ്രശ്നമാണോ? എന്നാൽ ഒ.ടി.പി. യേ മറികടക്കാൻ മനുഷ്യർ എത്രയോ വഴികൾ തേടുന്നു!
A system more honoured in its breech, than observance എന്ന നിലയിൽ കാര്യങ്ങൾ എത്തിയിട്ടുണ്ട്.
ഒ.ടി.പി. വേണ്ടെന്നു വയ്ക്കാമോ, അതും പറ്റില്ല. ഒ.ടി.പി. is a necessary evil എന്ന് പറഞ്ഞു അവസാനിപ്പിക്കാം....



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

സർ,

വൈക്കത്ത് ദീർഘകാലം ഹെഡ് കാഷ്യർ ആയിരുന്ന അന്തരിച്ച രാഘവൻ നായർ സാറിന്റെ സഹധർമ്മിണി K A കോമളം എസ്ബിഐ പെൻഷൻ അസോസിയേഷന്റെ വൈക്കം ഏരിയയിൽ മെമ്പർഷിപ്പ് എടുത്തിരിക്കുന്നു.



കോമളം. കെ.എ

ദീർഘനാളായി പെൻഷൻ റിവിഷന് വേണ്ടി കാത്തിരുന്ന മാധത്തിന് നമ്മുടെ അസോസിയേഷൻ ഇടപെട്ട് പ്രത്യേകിച്ചും സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ സെൻട്രൽ കമ്മിറ്റി അംഗം, ജെയിംസ് കാലാക്കോടൻ തുടങ്ങിയവരുടെ അക്ഷീണ പരിശ്രമത്താലും ഇപ്പോൾ അരിയേഴ്സ് ലഭിച്ചിരിക്കുന്നു. അവരുടെ തീരുമാനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. അവർക്ക് അസോസിയേഷൻ വൈക്കം ഏരിയയുടെ അനുമോദനങ്ങൾ

ഡി.കെ.രാജഗോപാൽ, ജില്ലാ അസി. ട്രഷറാർ






എൻ.എസ്.എസ്. പ്രതിനിധി സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി K. P. രാജശേഖരന് അഭിനന്ദനങ്ങൾ!!

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ

# കാസർകോട് ജില്ലാ ജനറൽ ബോഡി യോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കാസർകോട് ജില്ലാ ജനറൽ ബോഡി യോഗം22.02.2023 ബുധനാഴ്ച രാവിലെ പത്ത് മണിക്ക് ബേക്കൽ ക്ലബിൽ വെച്ച് ചേർന്നു. ജില്ലാ പ്രസിഡന്റ് പി.വി. രവീന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ മൗന പ്രാർത്ഥനയോടു കൂടി ആരംഭിച്ചു. യോഗത്തിൽ 70 അംഗങ്ങളിൽ 57 പേർ പങ്കെടുത്തു. ജില്ലാ കമ്മിറ്റി അംഗം രുഗ്മിണി രാജേഷ് സ്വാഗത പ്രസംഗം നടത്തി

അദ്ധ്യക്ഷ പ്രസംഗത്തിൽ അംഗങ്ങളുടെ പങ്കാളിത്തം സംഘടനയിൽ മെമ്പർമാർ കാണിക്കുന്ന വിശ്വാസം അവ നിലനിർത്തി ഭാവി പരിപാടികളിൽ അംഗങ്ങളുടെ പൂർണ്ണ പിന്തുണ ഉണ്ടായിരിക്കണം എന്ന് അഭ്യർത്ഥിച്ചു

സംഘടനയുടെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ. രാഘവൻ യോഗം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു . ഉത്ഘാടന പ്രസംഗത്തിൽ സംഘടനയുടെ പ്രവർത്തനം ഇൻഷുറൻസ് സ്ക്രീമിൽ ചേരുന്നതിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ. പി പി ഓ. ഒരോ മെമ്പർമാരും സൂക്ഷിക്കേണ്ടതിന്റെ പ്രധാന്യം ഇതുവരെ പി പി ഓ കിട്ടാത്ത മെമ്പർമാർ അതിന് ആവിശ്യമായ കത്ത് പെൻഷൻ വാങ്ങുന്ന ശാഖയിലൂടെ അപേക്ഷിക്കുകയും അതിന്റെ ഒരു കോപ്പി ജില്ലാ സെക്രട്ടറിക്ക് അയച്ച് കൊടുക്കാൻ ആവിശ്യപ്പെടുകയും ചെയ്തു. ഒരോ മെമ്പർമാരും പെൻഷൻ ഐഡൻറിറ്റി കാർഡ് ബേങ്കിൽ നിന്നും വാങ്ങി സൂക്ഷിക്കുവാനും ആവശ്യപ്പെട്ടു.



ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

## പ്രശസ്ത കവിയും സാഹിത്യകാരനുമായ വി രവീന്ദ്രൻ നായരെ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി ആദരിച്ചു

ജില്ലാ ജനറൽ ബോഡി യോഗത്തിൽ മഹാകവി ശ്രീ പി.കുഞ്ഞിരാമൻ നായരുടെ മകനും മഹാകവി പി. സ്മാരക ട്രസ്റ്റ് സെക്രട്ടറിയുമായ ശ്രീ വി.രവിന്ദ്രൻ നായരെ പൊന്നാട അണിയിച്ച് ആദരിച്ചു. കാസർഗോഡ് ജില്ലയുടെ ആദ്യ പ്രസിഡൻറ് എൻ . ഗോപാലൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.രാഘവൻ എന്നിവർ ചേർന്ന് പൊന്നാടയും സ്നേഹോപഹാരമായി മൊമെന്റോ യും നൽകി .

വി.രവിന്ദ്രൻ നായർ മറുപടി പ്രസംഗത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ല തന്നെ ഈ രിതിയിൽ ആദരിച്ചതിനും ബഹുമാനിച്ചതിനും പ്രത്യേകം നന്ദി രേഖപ്പെടുത്തി. പൊതുമേഖലാ ബാങ്കുകളുടെ പ്രസക്തി അവ നിലനിർത്തി കുടുതൽ ജനസേവനത്തിന് മാതൃകയായി മാറട്ടെ എന്ന് ആശംസിച്ചു.



കവിയോടൊപ്പം കാസർഗോഡ് ജില്ലാ ഭാരവാഹികൾ




യോഗത്തിൽ ബേങ്കിനെ പ്രതിനിധീകരിച്ച് കെ. ബെജു സ്റ്റാഫ് യുനിയൻ അസിസ്റ്റന്റ് സെക്രട്ടറി വി.പി ശ്രീജിത്ത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു രാം നാരായണൻ പെൻഷൻ/ഫാമിലി പെൻഷൻ എന്ന വിഷയത്തി ൽ പ്രത്യേക ക്ലാസ് കൈകാര്യം ചെയ്തു. മെമ്പർന്മാരിൽ നിന്നും നല്ല പ്രതീകരണമാണ് ഉണ്ടായത് ജില്ലാ വൈസ് പ്രസിഡന്റ് കൃഷ്ണൻ പത്താനത്ത് പ്രമേയവും സെക്രട്ടറി എം വിജയൻ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു . ജില്ലാ ട്രഷറർ വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു



പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്ന സെക്രട്ടറി എം വിജയൻ

**പ്രമേയം**

**പെൻഷൻ കാലാനുസൃതമായി പരിഷ്കരിക്കണം**

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ**

1993 ശേഷം പെൻഷൻ റിവിഷൻ നടന്നിട്ടില്ലെന്നും കാലാനു സൃതമായി പെൻഷൻ റിവിഷൻ നടക്കാത്തത് കൊണ്ട് ഭൂരിഭാഗം ആളുകൾക്കും നാമമാത്രമായ തുകയാണ് പെൻഷനായി ലഭിക്കുന്നതെന്നും ബേസിക് പെൻഷൻ വർധിപ്പിച്ചു പെൻഷൻ റിവിഷൻ നടപ്പിലാക്കി പെൻഷൻ പരിഷ്ക്കരിക്കണമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കാസർകോട് ജില്ല ജനറൽ ബോഡിയോഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു

ജില്ലാ ജോയിന്റ് സെക്രട്ടറി എം.കൃഷ്ണൻ നന്ദി രേഖപ്പെടുത്തി യോഗം രണ്ട് മണിക്ക് വിപുലമായ സദ്യയോടു കൂടി യോഗം അവസാനിച്ചു.

# 2023ഫെബ്രുവരി മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,

2023 ഫെബ്രുവരി അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് 17പേരാണ്. .ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. നമ്മുടെ പ്രശ്നങ്ങൾ മാനേജ്മെന്റുമായി ചർച്ച ചെയ്യാനും പരിഹാരം കണ്ടാനും അംഗീകൃത പെൻഷൻ സംഘടനയിലൂടെയേ സാധിക്കുകയുള്ളു. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

സ്നേഹപൂർവം



ജോസഫ് പാലയ്ക്കൻ,
ഡി.ജി.എസ്. എറണാകുളം

# ഈ മാസം സർവീസിൽ നിന്ന് വിരമിക്കുന്നവർ

എസ്ബിഐയിൽ നിന്നും 2023 ഫെബ്രുവരി 28ന് വിരമിക്കുന്നവർ

1. അജിത് കുമാർ യു ടി ഡെപ്യൂട്ടി മാനേജർ അഡ്മിൻ ഓഫീസ് എറണാകുളം
2. ലാലിമ്മ മാത്യു ഡിഎം ഗ്ലോബൽ എൻആർഐ സെന്റർ, എറണാകുളം
3. പീറ്റർ സിഎസ് അസോസിയേറ്റ് കൊങ്ങോർപ്പിള്ളി എറണാകുളം
4. ശ്രീകുമാർ ടി ഡി ചീഫ് അസോസിയേറ്റ് (കസ്റ്റമർ സപ്പോർട്ട് & സെയിൽ ചിങ്ങവനം കോട്ടയം
5. സാബു പികെ സീനിയർ ഹെഡ് ആംഡ് ഗാർഡ് മുണ്ടക്കയം കോട്ടയം
6. വർഗീസ് കെ ജെ ഹെഡ് ആംഡ് ഗാർഡ് പൊൻകുന്നം, കോട്ടയം

7. ദാസൻ എം കെ സീനിയർ റെക്കോർഡ് കീപ്പർ പേരാമ്പ്ര എഡിബി കോഴിക്കോട്
8. മോഹനദാസൻ പി പൂളക്കൽ ഹൗസ് സീനിയർ അസോസിയേറ്റ് പെരുമണ്ണ കോഴിക്കോട്
9. ഉണ്ണികൃഷ്ണൻ എം ഹെഡ് മെസഞ്ചർ കൊല്ലങ്കോട് പാലക്കാട്
10. രാജമോഹൻ സി സീനിയർ അസോസിയേറ്റ് ഷൊറണൂർ ടൗൺ പാലക്കാട്
11. ബിജി സക്കറിയ ബ്രാഞ്ച് മാനേജർ CAC അടൂർ പത്തനംതിട്ട
12. ഹരിദാസ് പാലിയത്ത് ഡെപ്യൂട്ടി മാനേജർ കിഴക്കേ നട ഗുരുവായൂർ തൃശൂർ
13. ജയകുമാരൻ പി എസ് അസോസിയേറ്റ് കണ്ണൻമൂല തിരുവനന്തപുരം
14. അനിൽ കുമാർ കെ, മാനേജർ FI RBO 2, തിരുവനന്തപുരം
15. ലളിത വർമ്മ കെ കെ, മാനേജർ FI RBO 3, തിരുവനന്തപുരം
16. സ്വാമി മുനിയാണ്ടി മുനിയാണ്ടി, സപ്പോർട്ട് ഓഫീസർ ഒടിഎംഎസ് സർവൈലൻസ് & ഇൻവെസ്റ്റിഗേഷൻ , തിരുവനന്തപുരം
17. എസ് ലീലാമ്മാൾ ചീഫ് അസോസിയേറ്റ് തച്ചോട്ടുകാവ്, പേയാട്, തിരുവനന്തപുരം

# ട്രീസ ജേക്കബ് സ്റ്റെല്ല



കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം എസ്.ബി.ഐ തൊടുപുഴ തെക്കുംഭാഗം ഇടുക്കി ശാഖയിൽ നിന്നും , ചീഫ് അസോസിയേറ്റ് ട്രീസ ജേക്കബ് സ്റ്റെല്ല വിശ്രമ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നു. സഹപ്രവർത്തകരായിരുന്ന പാല ഏരിയാകമ്മറ്റി അംഗങ്ങൾ സ്വീകരണത്തിനായി ഒത്തുചേർന്നപ്പോൾ

# ശ്രീകുമാർ.ടി.ഡി



ശ്രീകുമാർ ടി ഡി

ശ്രീകുമാർ ടി ഡി (ചീഫ് അസോസിയേറ്റ് ചിങ്ങവനം ബ്രാഞ്ച്) 2023 ഫെബ്രുവരി,28 ന് ബാങ്കിന്റെ സർവീസിൽ നിന്ന് വിരമിക്കുന്നു. 39 വർഷവും 3 മാസവും ദീർഘിച്ച കളങ്കമില്ലാത്ത സേവനവും ബാങ്കിന് അദ്ദേഹം നൽകിയ പിന്തുണയും മാർഗ നിർദേശവും മഹത്വപൂർണ്ണമായതിന് എല്ലാ സുഹൃത്തുക്കളും ഈ അവസരത്തിൽ ആത്മാർത്ഥ മായ സ്നേഹവും നന്ദിയും പ്രകടിപ്പിക്കുന്നു.



ടി.ഡി. ശ്രീകുമാറിനു യാത്രയയപ്പു മംഗളം നേരുകയും, എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്ന ജില്ലാ ജോയിന്റ് സെക്രട്ടറി വി.ആർ. ബാലകൃഷ്ണൻ നായർ.

ആരോഗ്യവും സന്തോഷവും ലഭിക്കാൻ അനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുന്നു എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു

# വർഗീസ് കെ. ജെ.



വർഗ്ഗീസ് കെ. ജെ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും 13 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ഹെഡ് ആംഡ് ഗാർഡ് വർഗ്ഗീസ് കെ. ജെ. 2023 ഫെബ്രുവരി മാസം 28-ാം തീയതി സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. 2009 ജൂൺ 6-ാം തീയതി കറുകച്ചാൽ ശാഖയിൽ സർവ്വീസിൽ പ്രവേശിച്ചു. തികഞ്ഞ ആത്മാർത്ഥതയുടെ വിശിഷ്ട സേവനത്തിന്റെ നല്ല നാളുകൾ ഓർമ്മയിൽ സൂക്ഷിച്ചു കൊണ്ട്യും 2023 ഫെബ്രുവരി മാസം 28- ാം തീയതി 4.30 പി എം. ന് പൊൻകുന്നം ശാഖയിൽ വെച്ച് ഹൃദ്യമായ യാത്രയയപ്പ് നൽകി. പ്രസ്തുത സ്നേഹനിമിഷങ്ങളെ ധന്യമാക്കുവാനും ആശംസാമംഗളങ്ങൾ അർപ്പിക്കുവാനും എല്ലാ സുഹൃത്തുക്കളും എത്തിയിരുന്നു. കാഞ്ഞിരപ്പള്ളി ഏരിയ യെ പ്രധിനിധീകരിച്ചു ജൊ. കൺവീനർ r പാപ്പച്ചൻ.കെ.കെ. പങ്കെടുത്തു.




പൊൻകുന്നം ബ്രാഞ്ചിൽ നിന്നും ഫെബ്രുവരി 28 നു വിരമിക്കുന്ന ശ്രീ.കെ.ജെ. വർഗീസിനെ എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തു സംസാരിക്കുന്ന ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ.

സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# അജിത് കുമാർ.യു.ടി



അജിത് കുമാർ യു ടി

എറണാകുളം അഡ്മിൻ ഓഫീസിൽ നിന്നും 34 വർഷവും 2 മാസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2023 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന അജിത് കുമാർ യു.ടി. ഡെപ്യൂട്ടി മാനേജർ. സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസി യേഷനിൽ ചേർന്ന് പ്രവർ ത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# ലാലിമ്മ മാത്യു



ലാലിമ്മ മാത്യു

കളങ്കരഹിതമായ സമർപ്പിത സേവനത്തിന് ശേഷം ഗ്ലോബൽ എൻആർഐ സെന്റർ, എറണാകുളം ഓഫീസിൽ നിന്നും ഡെപ്യൂട്ടി മാനേജർ പദവിയിൽ വിരമിക്കുന്ന ലാലിമ്മ മാത്യു
ധന്യമായ , സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# പീറ്റർ. സി.എസ്.



പീറ്റർ സിഎസ്

20 വർഷവും 1 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവൻത്തിന് ശേഷം കൊങ്ങോർപ്പിള്ളി എറണാകുളം ശാഖയിൽ നിന്നും അസോസിയേറ്റ് പദവിയിൽ 2023 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന പീറ്റർ സിഎസ്

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.




# കോട്ടയം ഏരിയ-1 എക്സിക്യൂട്ടീവ് കമ്മറ്റി യോഗം



എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് കുമാരനല്ലൂർ ഓഫീസിൽ വെച്ചു നടന്നു. മീറ്റിംഗിന് ശേഷം കമ്മിറ്റി അംഗങ്ങൾ

ഫെബ്രുവരി 21 മീറ്റിംഗ് 2023 ഫെബ്രുവരി 21 ന് 10.30 മണിക്ക് കൺവീനർ കോട്ടയം ഏരിയ-1 എക്സിക്യൂട്ടീവ് കമ്മറ്റി യോഗം കൺവീനർ രമേഷ് ബാബുവിന്റെ അദ്ധ്യക്ഷതയിൽ കുമാരനല്ലൂർ ഓഫീസിൽ വെച്ചു കൂടി.. ആനുകാലിക സംഘടനാ കാര്യങ്ങളെക്കുറിച്ചും , നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വളരെ വിശദമായ ചർച്ച നടത്തി.

# പാലാ ഏരിയ ജനറൽ ബോഡി മീറ്റിംഗ്

പാലാ ഏരിയ ജനറൽ ബോഡി മീറ്റിംഗ് 2023 ഫെബ്രുവരി 23 ന് 2.30 മണിക്ക് കൺവീനർ ജോർജ്ജ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടി. ജോയിന്റ് കൺവീനർ രാജമോഹനൻ നായർ.പി.എസ്. സ്വാഗതം ആശംസിച്ചു. ഡി.ജി.എസ്. ഹെൻറി ജോൺ യോഗം ഉൽഘാടനം ചെയ്തു.




സ്വാഗത പ്രസംഗം നടത്തുന്ന ഏരിയ ജോ. കൺവീനർ ശ്രീ. രാജ്മോഹനൻ നായർ




പാലാ ഏരിയ മീറ്റിംഗ് ഉൽഘാടനം നിർവ്വഹിച്ചു കൊണ്ട് ഡി.ജി.എസ്.ശ്രീ. ഹെൻറി ജോൺ സംസാരിക്കുന്നു.




ആശംസാ പ്രസംഗം നടത്തുന്ന എ.ജി.എസ്.ശ്രീ.കെ.പി.രാജശേഖരൻ

അദ്ധ്യക്ഷൻ ജോർജ് ജോസഫ് തന്റെ ഉപക്രമത്തിൽ എല്ലാ ജില്ലാതല കമ്മറ്റികളിലും പങ്കെടുക്കുകയും എല്ലാ വിവരങ്ങളും അംഗങ്ങൾക്ക് ഷെയർ ചെയ്തിരുന്നതായും അറിയിച്ചു. മെഡിക്കൽ ഇൻഷ്വറൻസ് പോളിസി-ബി. എടുക്കേണ്ടതിന്റെ ആവശ്യതയെക്കുറിച്ചും, ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള സംശയനിവാരണവും നടത്തി. ബാങ്കിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങളേക്കുറിച്ചും ഒരു

പെൻഷൻകാരൻ അറിഞ്ഞിരിക്കേണ്ട സുപ്രധാന വിഷയങ്ങളെക്കുറിച്ചും സംസാരിച്ചു.

ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ മുഖ്യ പ്രഭാഷണം നടത്തി. മേയ് 13 -ാം തിയതി പാലക്കാട്ട് വച്ച് നടക്കാനിരിക്കുന്ന സംസ്ഥാന വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കേണ്ടതിനുള്ള തയാറെടുപ്പുകൾ സംബന്ധിച്ചും സംസാരിച്ചു.




**മുഖ്യപ്രഭാഷണം നടത്തുന്ന ജില്ലാ പ്രസിഡന്റ് കെ. എൻ വിശ്വനാഥൻ നായർ.**

നമ്മുടെ സൊസൈറ്റി യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് എം.ജി. രാഘവൻ, റെയ്സ ബീഗം എന്നിവർ വിശദമായി സംസാരിച്ചു.



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

ശ്രീ. പ്രഭാകരൻ കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 5.30 ന് അവസാനിച്ചു.

# ഏറ്റുമാനൂർ ഏരിയാ മീറ്റിംഗ്

ഏറ്റുമാനൂർ മേഖലാ സമ്മേളനം വച്ച് 09.2.2023 വ്യാഴാഴ്ച്ച രാവിലെ 10.45 മണി മുതൽ ഏറ്റുമാനൂർ വ്യാപാർ ഭവനിൽ വച്ച് ഏരിയായുടെ കൺവീനർ എം.പി.പുഷ്കരന്റെ അദ്ധ്യക്ഷതയിൽ നടത്തി.



എം.പി. പുഷ്കരൻ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കു ന്നു.

മീറ്റിംഗി ൽ 65 അംഗങ്ങൾ വളരെ സന്തോഷപൂർവം ചേരുകയു ണ്ടായി. ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. സുരേന്ദ്രനാഥ ഹെഗ്ഡൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ജില്ലാ വൈസ് പ്രസിഡന്റും, ഏരിയ കൺവീനറും ആയ എം.പി. പുഷ്കരൻ അദ്ധ്യക്ഷത വഹിച്ചു. ഹാൾ നിറഞ്ഞ അംഗങ്ങളുടെ സാന്നിദ്ധ്യത്തിന് അദ്ദേഹം പ്രത്യേക നന്ദി രേഖപ്പെടുത്തി. ഡി.ജി.എസ്. ഹെൻറി ജോൺ യോഗം ഉൽഘാടനം ചെയ്തു.



ആനുകാലിക സംഘടനാ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ മുഖ്യ പ്രഭാഷണം നടത്തി. അദ്ദേഹം പോളിസി ബി., എച്ച്.ആർ.എം.എസ് , മെഡി ബഡ്ഡി ഇ-ഫാർമസി തുടങ്ങിയവയേക്കുറിച്ച് സംസാരിച്ചു. എ.ജി.എസ്. കെ.പി. രാജശേഖരൻ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷനിൽ എല്ലാവരും ചേർന്നു പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് തന്റെ പ്രസംഗത്തിൽ പരാമർശിച്ചു .




മുൻ ഡി.ജി.എസ് മാത്യു അടയ്ക്കാമുണ്ടയ്ക്കൽ. സംഘടനാ സംബന്ധമായ വിഷയങ്ങൾ സംസാരിച്ചു. അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽക്കുന്നു. വേദിയിൽ ഇടത്തുനിന്ന് ജില്ലാ പ്രസിഡന്റ് കെ.എൻ .വിശ്വനാഥൻ നായർ, ഹെന്റി ജോൺ കെ.പി.രാജശേഖരൻ ഡിസ്ട്രിക്ട് സെക്രട്ടറി പി.എം. . ജേക്കബ്,

.തുടർന്ന് ജില്ലാ സെക്രട്ടറി പി.എം. ജേക്കബ് 2023 മേയ് 13-ാം തിയതി പാലക്കാട്ട് വച്ച് നടക്കാനിരിക്കുന്ന സംസ്ഥാന വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കേണ്ടതിനുള്ള തയാറെടുപ്പുകൾ സംബന്ധിച്ചും സംസാരിച്ചു. ആശംസകളർപ്പിച്ചു കൊണ്ട് സ്റ്റേറ്റ് കമ്മറ്റി മെമ്പർ ശ്രീമതി.റൈസാ ബീഗം സംസാരിച്ചു. നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സൊസൈ റ്റി പ്രസിഡന്റ് എം.ജി.രാഘവൻ വിശദമായി സംസാരിച്ചു. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. പുതുതായി സംഘടനയിലേക്ക് വന്ന അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി. സജാദ്.എം.കെ.യുടെ നന്ദി പ്രകാശനത്തോടെ യോഗ നടപടികൾ 12.30 മണിക്ക് അവസാനിച്ചു.



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം.

# കാഞ്ഞിരപ്പള്ളി ഏരിയ സമ്മേളനം

കാഞ്ഞിരപ്പള്ളി ഏരിയ സമ്മേളനം 10/02/23 ഉച്ചകഴിഞ്ഞു 3.30ന് കാഞ്ഞിരപ്പള്ളി ലൂർദ് ഹാളിൽ വെച്ച് നടന്നു. ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ടോംസ് ജോസഫ് സ്വാഗതം ആശംസിച്ച യോഗത്തിൽ കൺവീനർ സണ്ണി ജോസഫ് വെട്ടം അദ്ധ്യക്ഷത വഹിച്ചു.



ഏരിയ കൺവീനർ, സണ്ണി ജോസഫ് വെട്ടം അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു.

ഡെ. ജനറൽ സെക്രട്ടറി ഹെന്റ്രി ജോൺ, യോഗം ഉത്ഘാടനം ചെയ്തു. അദ്ദേഹം ഡിസ്പെൻസറിയുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചു പരാമർശിക്കുകയുണ്ടായി.



റിപ്പോർട്ട് അവതരിപ്പിക്കുന്ന ജോയിന്റ കൺവീനർ .പാപ്പച്ചൻ. കെ.കെ.

ജോയിന്റ് കൺവീനർ കെ.കെ.പാപ്പച്ചൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ല പ്രസിഡന്റ് കെ. എൻ വിശ്വനാഥൻ നായർ മുഖ്യപ്രഭാഷണം നടത്തി. മെഡിക്കൽ ഇൻഷ്വറൻസ് പോളിസി-ബി. എടുക്കേണ്ടതിന്റെ ആവശ്യതയെക്കുറിച്ചും, ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള സംശയനിവാരണവും നടത്തി



സംസ്ഥാന വനിതാ കമ്മറ്റിയംഗവും സൊസൈറ്റി ഡയറക്ടർ ബോർഡ് അംഗവുമായ റൈസാ ബീഗം സംസാരിക്കുന്നു. ഡെ. ജനറൽ സെക്രട്ടറി ഹെന്റ്രി ജോൺ സമീപം

സംസ്ഥാന വനിതാ കമ്മറ്റിയംഗവും സൊസൈറ്റി ഡയറക്ടർ ബോർഡ് അംഗവുമായ റൈസാ ബീഗം നമ്മുടെ സൊസൈറ്റി മെമ്പർഷിപ് എടുക്കേണ്ടതിനെക്കുറിച്ചും, അംഗസംഖ്യ വർധിപ്പിക്കേണ്ടതിനെക്കുറിച്ചും സംസാരിച്ചു.

പുതിയതായി ഈ കാലയളവിൽ 9 അംഗങ്ങൾ ഏരിയയിൽ മെമ്പർമാരായി. പുതിയ അംഗങ്ങൾ ആയ ജോസഫ് തോമസ്, ജോസഫ് സ്കറിയ, സുബ്രഹ്മണ്യം, ലിസ്സമ്മ ജോസഫ് എന്നിവരെ പരിചയപെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു. ചോദ്യോത്തര വേള സജീവമായിരുന്നു.



കാഞ്ഞിരപ്പള്ളി ഏരിയ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

ജോർജ്ജ് തോമസ് തെക്കേടം യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി പ്രകാശിപ്പിച്ചു. 5.30 ന് യോഗം അവസാനിച്ചു.




| Base policy | Additional Super Top Up Policy amount | Premium Payable | Total Cover (Base + Super Top Up + Additional Super Top Up) |
|---|---|---|---|
| 3 Lakhs | 11 Lakhs | 5,918/- | 20 Lakhs |
| 3 lakhs | 16 Lakhs | 7,339/- | 25 Lakhs |
| 5 lakhs | 14 Lakhs | 11,228/- | 25 Lakhs |
| 5 Lakhs | 19 Lakhs | 12,833/- | 30 Lakhs |






# കണ്ണീർ പ്രണാമം!



## എ. ഐ. ചാണ്ടി



എ. ഐ. ചാണ്ടി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം റിട്ട. ഡി.ജി.എം. ജോയ്സി.

ആര്യക്കരയുടെ പിതാവ് ആര്യക്കര എ.ഐ.ചാണ്ടി (കുഞ്ഞച്ചൻ) മരണപ്പെട്ട വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 92 വയസ്സ് ആയിരുന്നു. വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് റി ട്ട. ഓഫീസ് സൂപ്രണ്ട് ആയിരുന്നു.. ആര്യക്കര കുടുംബയോഗം സെക്രട്ടറി, പെൻഷനേഴ്സ്അസോസിയേഷൻ ഭാരവാഹിയുമായിരുന്നു. ഭാര്യ: പരേതയായ അന്നമ്മ, കാനം തെക്കേക്കര കുടുംബാംഗം. മക്കൾ: ജോയ്സി സി.ആര്യക്കര (റിട്ട. സ്റ്റേറ്റ് ബാങ്ക്), ജോളി സഖറിയ (യു.എസ്.), ജയ (എൽ.ഐ.സി., ഭോപാൽ), ജ്യോതി ബോബ് (യു.എസ്). മരുമക്കൾ: സാറാ ജോയി (മാരാമൺ), സഖറിയ ഉമ്മൻ (എടത്വ), സാം പി.സാമുവൽ (കല്ലിശേരി), ബോബ് തോമസ് (യു.എസ്). ശവസംസ്കാര ശുശ്രൂഷകൾ 2023 ഫെബ്രുരി 5 ഞായറാഴ്ച്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് ഭവനത്തിൽ ആരംഭിച്ച ശേഷം 4 മണിക്ക് കാനം റ്റി.പി.എം.സെമിത്തേരിയിൽ നടത്തി.
ദു:ഖാർത്തരായ കുടുംബാംഗങ്ങളെ എസ്.ബി.ഐ. പെൻ ഷനേഴ്സ്അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# റോസ്സിലിൻ



റോസ്സിലിൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് യൂണിറ്റ് അംഗം ലിസി വി. സഖറിയാ യുടെ മാതാവ് റോസ്സിലിൻ നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു.

കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ബാബു.റ്റി. ചെറിയാൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗമായ മാണി .റ്റി. ചെറിയാന്റെ ജേഷ്ഠ സഹോദരൻ ബാബു.റ്റി. ചെറിയാൻ, തഴ്ജിൽ ആക്സ്മികമായി മരണപ്പെട്ട വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. 75 വയസ്സ് ആയിരുന്നു. എ.വി.ടി.പ്ലാന്റേഷൻസ് മുൻ മാനേജറായിരുന്നു. ഭാര്യ: സൂസൻ മകൻ പ്രമോദ്, ബിസ്സിനസ് മകൾ പ്രീത ബാംഗളൂരിൽ സ്കൂൾ റ്റീച്ചർ ചെറുമക്കൾ ദിയ,സിയ , നാഥൻ.



ബാബു.റ്റി. ചെറിയാൻ

ശവസംസ്കാരം: ഭൗതികശരീരം 2023 ഫെബ്രുരി 8 ന് ബുധനാഴ്ച്ച രാവിലെ 4 മണിയ്ക്ക് വേളൂർ മാണികുന്നത്തുള്ള ഷെയർ ഹോംസ് 4A ഫ്ളാറ്റിൽ എത്തിച്ചു. 10 മണിയ്ക്ക് ഭവനത്തിലെ ശിശ്രൂഷകൾക്ക് ശേഷം 11 മണിയ്ക്ക് ഒളശ്ശ സി..എസ്.ഐ. സെന്റ് മാർക്ക്സ് പള്ളി സിമിത്തേരിയിൽ സംസ്കാരം നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# മറിയക്കുട്ടി



മറിയക്കുട്ടി

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗമായ ലില്ലി ജോർജ് പാലാക്കാരന്റെ ഭർത്തൃമാതാവ് കടുത്തുരുത്തി പാഴുതുരുത്തു പുളിക്കിൽ മറിയ കുട്ടി (90) അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു.. 90 വയസ്സായിരുന്നു. മുട്ടുചിറ ഇളമ്പാശ്ശേരിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.വി.സി.റിയക്, മക്കൾ ലീലാമ്മ (ചെങ്ങന്നൂർ), സിസ്റ്റർ ലീന ( ജഗദൽപൂർ മിഷൻ പിഴക്, ജോർജ് (എസ്ബിഐ റിട്ട.) ലൂസി (എറണാകുളം), ജയിംസ് (എഡി എൻഒസി റിട്ട. ), കുഞ്ഞമ്മ (ഇലഞ്ഞി), ജോഷി (അബുദാബി). മരുമക്കൾ രാജൻ കണ്ടത്തിൽ , ലില്ലി പാലാക്കാരൻ, എൻ.എ. സെബാസ്റ്റ്യൻ നാടുവാഴിപ്പറമ്പിൽ, റാണി.

സംസ്കാരം 2023 ഫെബ്രുരി 8ന് കടുത്തുരുത്തി റെയിൽവേ ഗേറ്റിനു സമീപമുള്ള മകന്റെ വസതിയിൽ 10.30ന് ശു ശ്രൂഷയ്ക്ക് ശേഷം കടുത്തുരുത്തി ഫൊറോനാ പള്ളിയിൽ (താഴത്തുപള്ളി), 11.30 മണിക്ക് നടത്തി. പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുശോചനവും അറിയിക്കുന്നു.



എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പ്രതിനിധികൾ വൈക്കം ഏരിയാ കൺവീനർ പി.പി.ഫിലിപ്പിന്റെ നേതൃത്വത്തിൽ ലില്ലി ജോർജ് പാലാക്കാരന്റെ വീട്ടിൽ.... അവരുടെ അമ്മച്ചിയുടെ നിര്യാണത്തിൽ നമ്മുടെ അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# കെ. പദ്മനാഭ പിള്ള

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗമായ റിട്ട. സീനിയർ മാനേജർ കെ.പി.പിള്ള (എൽ.എം.120) തൈക്കാട് ഇലങ്കം നഗർ മാ തൂതിയിൽ കെ.പി.പിള്ള (റിട്ട. മാനേജർ, എസ്.ബി.ഐ) നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 87 വയസ്സായിരുന്നു.



കെ. പദ്മനാഭ പിള്ള

. ഭാര്യ: തങ്കമണി അമ്മ. മക്കൾ : രാജീവ്(ബോംബെ), സജീവ്(യു.എസ്.എ). മരുമക്കൾ : ലക്ഷ്മിപിള്ള, ബിന്ദു സജീവ് സംസ്കാരം: 2023 ഫെബ്രുരി 11 ശനിയാഴ്ച രാവി ലെ 11ന് തൈക്കാട് ശാന്തി കവാടത്തിൽനടത്തി. സഞ്ചയനം: വ്യാഴാഴ്ച 8.30ന്. അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പം എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു,

# ജോർജ്ജ് മാത്യു



ജോർജ്ജ് മാത്യു

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ അംഗം ജോർജ്ജ് മാത്യു (എൽ.എം.130) മുള്ളാംകുഴിയിൽ, വാഴക്കുളം, മുവാറ്റുപുഴ നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 77 വയസ്സായിരുന്നു. ഭാര്യ ഏലിയാമ്മ ജോർജ്ജ്. 22.02.23 ബുധനാഴ്ച 5 മണിക്ക് ഭൗതിക ശരീരം സ്വഭാവനത്തിൽ കൊണ്ടുവന്നു. ശവസംസ്കാര ശിശ്രൂഷകൾ 23 02.2023 വ്യാഴാഴ്ച 2.30 വാഴകുളത്തുള്ള ഭവനത്തിൽ ആരംഭിച്ചു. തുടർന്ന് വാഴക്കുളം സെയിന്റ് ജോർജ് പള്ളി സെമിത്തേരിയിൽ സംസ്കാരം നടത്തി. അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും അവരുടെ ദുഃഖത്തിൽ പങ്കു ചേരുന്നു,..

# ത്രേസ്യാ വർക്കി



ത്രേസ്യാ വർക്കി

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗമായ നമ്മുടെ മെമ്പർ കുഞ്ഞുമോൻ LM 6813 (ശ്രീ. P.V. Chacko) ന്റെ പ്രിയ മാതാവ് ത്രേസ്യാ വർക്കി ആക്സ്മികമായി നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. ശവസംസ്കാരം കുടമാളൂർ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി..



P. V. ചാക്കോയുടെ മാതാവ് ത്രേസ്യമ്മ വർക്കിയുടെ അർപ്പൂക്കരയുള്ള വസതിയിൽ എത്തി ഏരിയാക്കമ്മറ്റി അംഗങ്ങൾ ജില്ലാ പ്രസിഡന്റിനൊപ്പം റീത്ത് സമർപ്പിക്കുന്നു

കോട്ടയം ജില്ലാ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു, അവരുടെ ദുഃഖത്തിൽ പങ്കു ചേരുന്നു.

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടെക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.**
**ചീഫ് എഡിറ്റർ**

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**



രക്ഷാധികാരി
ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ,
സംസ്ഥാന ജനറൽ സെക്രട്ടറി

പത്രാധിപ സമിതി

മാനേജിംഗ് എഡിറ്റർ
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

ചീഫ് എഡിറ്റർ
എം.ജി.രാഘവൻ

എഡിറ്റർ
പി.പി.ഫിലിപ്പ്

പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
കെ. എൻ വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല





സൂര്യനേയും ചന്ദ്രനേയും ഒന്നിച്ചു ദർശിക്കാം.  ഈ കാഴ്ച ഇനി 2035ലേ ഉണ്ടാകൂ